# വേദാഭിമാനി

11th YEAR

വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി

Vol.12 | No.4 | കാർത്തികപ്പള്ളി | R.No. 7361/02 | 2011 APRIL


## നാനോ: നേട്ടവും കോട്ടവും

### പ്രമുഖദിനപത്രത്തിൽ വന്ന വാർത്തയ്ക്കൊരുതിരുത്ത്

ഓരോ വസ്തുവും ഉണ്ടാക്കിയിരിക്കുന്നത് ആറ്റങ്ങൾ എന്ന അതിസൂക്ഷ്മ കണങ്ങൾ കൊണ്ടാണെന്നു നമുക്കെല്ലാമറിയാം. കുറേ ആറ്റങ്ങൾ ചേർന്നാണ് ഒരു തന്മാത്രയുണ്ടാകുന്നത്. തന്മാത്രകൾ ചേർന്നാണു പലതരം വസ്തുക്കൾ ഉണ്ടാകുന്നത്. ഓരോ വസ്തുവിലും ആറ്റങ്ങളുടെ ഘടന ഓരോ തരത്തിലാണ്. അതുകൊണ്ടാണ് വിവിധ വസ്തുക്കൾക്കു വ്യത്യസ്തമായ ഗുണങ്ങളുണ്ടാകുന്നത്.

നമ്മൾ വീടുണ്ടാക്കാനുപയോഗിക്കുന്ന പ്രധാനവസ്തുക്കൾ ഇഷ്ടിക, സിമെന്റ്, മരം തുടങ്ങിയവയാണ്. ഇതുപയോഗിച്ച് ഓരോരുത്തരും തങ്ങൾക്കിഷ്ടപ്പെട്ട വ്യത്യസ്തമായ വീടുകളുണ്ടാക്കുന്നു. അതുപോലെതന്നെയാണ് പദാർത്ഥങ്ങളുടെ കാര്യവും. എല്ലാവസ്തുക്കളുടെയും അടിസ്ഥാന കണങ്ങൾ ഒന്നുതന്നെ. ഈ അടിസ്ഥാനകണങ്ങളെ അടുക്കുന്ന രീതിയിൽ മാറ്റങ്ങൾ വരുത്തിയാൽ വസ്തുക്കളുടെ സ്വഭാവത്തിലും മാറ്റങ്ങൾ വരുത്താം. ഉദാഹരണത്തിന് കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ എന്നീ ആറ്റങ്ങൾ ഒരു പ്രത്യേക ക്രമത്തിൽ കൂടിച്ചേർന്നാണ് പഞ്ചസാരയുടെ തന്മാത്ര ഉണ്ടാവുന്നത്. ഈ ആറ്റങ്ങളുടെ ക്രമമോ എണ്ണമോ ഒന്നുമാറിയാൽ ഉണ്ടാവുന്നത് പഞ്ചസാരയായിരിക്കില്ല. ചിലപ്പോൾ മാരകമായ വിഷമായിരിക്കും. അങ്ങനെ പദാർത്ഥങ്ങളുടെ അടിസ്ഥാനകണങ്ങളുടെ ഘടനയിൽ മാറ്റങ്ങൾ വരുത്തിയാൽ വസ്തുക്കളുടെ സ്വഭാവത്തിലും മാറ്റം വരുത്താം. നാനോ ടെക്നോളി എന്ന ശാസ്ത്രശാഖ കൈകാര്യം ചെയ്യുന്ന വിഷയവും ഇതുതന്നെ.

കുള്ളൻ എന്നർത്ഥം വരുന്ന നാനോ എന്ന ഗ്രീക്ക് പദത്തിൽനിന്നുമാണ് ഈ ശാസ്ത്രശാഖയ്ക്ക് നാനോ ടെക്നോളജി എന്ന പേരുവന്നത്.

നാനോ ടെക്നോളജി ദുരുപയോഗം ചെയ്യപ്പെടുമോ എന്ന ആശങ്കയും ശാസ്ത്രലോകം വച്ചുപുലർത്തുന്നുണ്ട്. നാനോ അളവിലുള്ള പദാർത്ഥങ്ങൾ അന്തരീക്ഷത്തിൽ കലരുന്നതി



ലൂടെ മനുഷ്യരുടെ ശ്വാസകോശത്തിലും തലച്ചോറിലും ഡി.എൻ.എ.യിലുമെല്ലാം ഇവ അനായാസം കയറിപ്പറ്റിയേക്കാം. ജീനോം പ്രോജക്ടിന്റെ പശ്ചാത്തലത്തിൽ ജനറ്റിക് എൻജിനീയറിംഗ് രംഗത്തെ ഭീഷണികൾ എന്തെല്ലാമായിരിക്കുമെന്നു നമുക്കൂഹിക്കാൻ പോലും സാധ്യമല്ല. ജീനുകളിൽ വരുത്തുന്ന മാറ്റത്തിനു ഗുണപരമായ സാധ്യതകൾ ധാരാളമുണ്ടെങ്കിലും ഇതു ദുരുപയോഗം ചെയ്താലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഭയാനകമായിരിക്കും. യുദ്ധസന്നാഹങ്ങളൊരുക്കുന്നതിൽ നാനോ ടെക്നോളജിക്ക് ഒരുപാട് സഹായങ്ങൾ ചെയ്യാൻ കഴിയുന്നതുപോലെതന്നെ ജീവശാസ്ത്ര മേഖലയിൽ സർവ്വനാശം സൃഷ്ടിക്കുന്നതിനും ഇത് ഇടയാക്കിയേക്കാം.

## വലിയകുടുംബം സന്തുഷ്ട കുടുംബം



ഇന്ത്യയിൽ മിസോറാമിലെ ബക്ത്വാംഗ് ഗ്രാമത്തിൽ താമസിക്കുന്ന സിയോണ ചാനയ്ക്ക് 39 ഭാര്യമാരും 94 മക്കളും 33 പേരക്കുട്ടികളുമാണുള്ളത്. നാലു നിലകളിലായി 100 മുറികളുള്ള വീട്ടിൽ 14 പുത്രഭാര്യമാർ ഉൾപ്പെടെ 167 പേർ താമസിക്കുന്നു. പട്ടാളച്ചിട്ടയിലാണ് ഈ വലിയ കുടുംബം മുന്നോട്ടു നീങ്ങുന്നത്. അലക്കും വൃത്തിയാക്കലും പാചകവുമടക്കമുള്ള വീട്ടുകാര്യങ്ങൾ ആദ്യഭാര്യ സത്യാങ്കിയുടെ നേതൃത്വത്തിലുള്ള സംഘം നിർവഹിക്കും. കുടുംബത്തിലെ ഒരു ദിവസത്തെ അത്താഴത്തിനു മാത്രം 30 കോഴികളുടെ ഇറച്ചിയും 264 കിലോഗ്രാം ഉരുളകിഴങ്ങും 440 കിലോ അരിയും ആവശ്യമുണ്ട്. ഓരോ വർഷവും പത്തു സ്ത്രീകളെ വിവാഹം കഴിച്ചാണു ചാന ലോകത്തിലെ ഏറ്റവും വലിയ കുടുംബനാഥനായത്. 39 സ്ത്രീകളെ വിവാഹം കഴിച്ചതിലും ലോകത്തെ ഏറ്റവും വലിയ കുടുംബത്തിന്റെ നാഥനുമായതിനാൽ സന്തോഷമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.


## ഡിപ്രഷൻ കുറയ്ക്കാം

- മാധ്യമങ്ങളിൽ വരുന്ന നെഗറ്റീവ് വാർത്തകളിൽ നിന്നും (നിങ്ങളുടെ സമാധാനം തകർക്കാനിടയുള്ള) ഒഴിഞ്ഞുനിൽക്കുക.
- നിങ്ങളുടെ ശുഭാപ്തിവിശ്വാസം ഇല്ലാതാക്കുന്ന ടി.വി. പരിപാടികളിൽ (നിരാശ, യുദ്ധം, തകർച്ച, മരണം, വികലപ്രണയം, കൊലപാതകം ഇവ പ്രമേയമായ) നിന്നും പൂർണമായും വിട്ടുനിൽക്കുക.
- നല്ല വാർത്തകൾ മാത്രം പങ്കുവയ്ക്കുക
- വ്യായാമം ശീലമാക്കുക.
- വ്യായാമം തലച്ചോറിലേക്കുള്ള ഓക്സിജന്റെ അളവു വർധിപ്പിക്കും. ഇതു നിങ്ങളുടെ അഭിപ്രായങ്ങളിലും നിലപാടുകളിലും ഗുണപരമായ മാറ്റങ്ങൾ വരുത്തും.
- നിങ്ങൾക്കു മനഃസമാധാനം നല്കുന്ന പുസ്തകങ്ങൾ വായിക്കുന്നതു ശീലമാക്കുക.
- ഉയർന്ന കലോറിയുള്ള ഫാസ്റ്റ്ഫുഡിന്റെ ഉപയോഗം നിയന്ത്രിക്കുക.
- ക്രിയേറ്റീവായി എന്തെങ്കിലും ചെയ്യാൻ ശ്രമിക്കുക.
- ആവശ്യമായ സമയം ഉറങ്ങുക.
- മറ്റുള്ളവർക്ക് പ്രയോജനപ്രദമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- ധ്യാനം, പ്രാർത്ഥന എന്നിവ ശീലിക്കുക.
- മദ്യപാനം, പുകവലി എന്നിവ ഒഴിവാക്കുക.
- കാപ്പി, കൃത്രിമപാനീയങ്ങൾ എന്നിവയുടെ ഉപയോഗം കഴിവതും കുറയ്ക്കുക.
- സാമൂഹിക ജീവിതത്തിൽ സജീവമായി പങ്കാളികളാവുക.
- ആത്മീയജീവിതത്തിന് പ്രാധാന്യം നൽകുക
- യേശുവിലുള്ള വിശ്വാസവും ആശ്രയവും ഡിപ്രഷൻ പൂർണ്ണമായി അകറ്റാൻ പര്യാപ്തമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു.



## ചിന്തിയ്ക്കുന്ന ഉപഗ്രഹം

മനുഷ്യരെപ്പോലെ ചിന്തിച്ചു പ്രവർത്തിക്കുന്ന ഒരു ഉപഗ്രഹം തലയ്ക്കു മുകളിലൂടെ സഞ്ചരി



ക്കുന്നത് ഒന്നാലോചിച്ചുനോക്കൂ... സാധാരണ ശാസ്ത്ര സാങ്കൽപ്പിക കഥകളിൽക്കൂടി മാത്രം ഇതുവരെ അറിഞ്ഞിരുന്ന ഈ ഉപഗ്രഹം യാഥാർഥ്യമാകാൻ പോകുന്നു. യൂറോപ്യൻ സ്പേസ് ഏജൻസിയുടെ സഹായത്തോടെ ബ്രിട്ടീഷ് എൻജിനീയർമാരാണ് പുതിയ പദ്ധതിയുമായി രംഗത്തിറങ്ങിയിരിക്കുന്നത്.

സ്വയം പഠിക്കാനും പ്രശ്നങ്ങൾ തിരിച്ചറിയാനും തീരുമാനങ്ങളെടുക്കാനും അറ്റകുറ്റപ്പണി നടത്താനും കഴിയുന്നതായിരിക്കും ഉപഗ്രഹം. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കാവശ്യമായ വസ്തുക്കളുമായി അടുത്തമാസം കുതിച്ചുയരുന്ന ഉപഗ്രഹമായ ഓട്ടോമേറ്റഡ് ട്രാൻസ്പോർട്ട് വെഹിക്കിൾ (എടിവി 2) സ്വയം നിയന്ത്രിതമായിരിക്കും. സ്പേസ് കമ്പനിയായ ആസ്ട്രിയമാണ് ഇത് നിർമ്മിക്കുന്നത്.

## സൈക്കിൾ ബോട്ട്

വെള്ളത്തിന്റെയും വള്ളത്തിന്റെയും നാട്ടിൽ സൈക്കിൾ ബോട്ട് കൗതുകമാകുന്നു. ജലയാനങ്ങൾക്ക് മുമ്പില്ലാത്തവിധം




രൂപപരിണാമങ്ങൾ ഇന്ന് സർവസാധാരണമാണെങ്കിലും ഇത്തരമൊന്ന് ഇതിനുമുമ്പ് കണ്ടിട്ടില്ലെന്ന് കുട്ടനാട്ടുകാർ പറയുന്നു. കനോയിംഗിന് ഉപയോഗിക്കുന്ന വള്ളത്തിന്റെ മോൾഡ് ഉപയോഗിച്ചുള്ള 10 അടി നീളമുള്ള രണ്ട് ഫൈബർ പോൺ ടൂണുകളാണ് ഈ സൈക്കിൾബോട്ടിന്റെ അടിസ്ഥാനം. ഈ പോൺ ടൂണുകളിൽ ചക്രങ്ങൾ ഊരിമാറ്റിയ സൈക്കിൾ ഘടിപ്പിച്ചിരിക്കുകയാണ്. സൈക്കിളിൽ നിന്നു വെള്ളത്തിലേക്ക് ഒരു പ്രൊപ്പല്ലറുണ്ട്. സൈക്കിളിന്റെ പെഡൽ ചവിട്ടുമ്പോൾ പ്രൊപ്പല്ലർ കറങ്ങുകയും സൈക്കിൾ ബോട്ട് മുമ്പോട്ടു നീങ്ങുകയും ചെയ്യുന്നു. ഗതി നിയന്ത്രിക്കാൻ ഹാൻഡിലുമുണ്ട്. മാളികമുക്ക് സ്വദേശിയും ഹ്യൂമൻ പവേർഡ് വെഹിക്കിൾ അസോസിയേഷന്റെ പ്രവർത്തകനുമായ സുനിൽ എന്ന കായികാധ്യാപകന്റെ ആശയമാണ് 15 വർഷത്തെ പരിശ്രമങ്ങൾക്കൊടുവിൽ സൈക്കിൾബോട്ടായി നീറ്റിലിറക്കിയിട്ടുള്ളത്.

## റാന്തൽ വിളക്കിന്റെ വെളിച്ചത്തിൽ

നേപ്പാളിലെ ഒരു പ്രമുഖ ടെലിവിഷൻ ചാനലിൽ വാർത്ത വായന റാന്തൽ വിളക്കിന്റെ വെളിച്ചത്തിൽ. കാന്തിപൂർ ടെലിവിഷൻ ചാനലിലാണ് ഏഴുമണിയുടെ സന്ധ്യാവാർത്ത മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലാക്കിയിരിക്കുന്നത്. കടുത്ത ഊർജ്ജ പ്രതിസന്ധിയെത്തുടർന്ന് രാജ്യത്ത് ഏർപ്പെടുത്തിയിരിക്കുന്ന മണിക്കൂറുകൾ നീണ്ട വൈദ്യുതി നിയന്ത്രണം സൃഷ്ടിക്കുന്ന പ്രശ്നങ്ങളുടെ വ്യാപ്തി ഭരണാധികാരികൾക്കു ബോധ്യപ്പെടുത്താനാണ് ചാനലിന്റെ ശ്രമം.





# സ്നേഹം | പ്രമാണവും സമർപ്പണവും

“അവൻ നമ്മെ ആദ്യം സ്നേഹിച്ചതുകൊണ്ടു നാം അവനെ സ്നേഹിക്കുന്നു” (1 യോഹ. 4:19). അനേകം ക്രിസ്ത്യാനികളുടെയും ജീവിതത്തിൽ വൈഷമ്യങ്ങൾ ഉണ്ടാകുന്നതിന്റെ കാരണം ഈ വചനം അവർ ശരിക്കു മനസ്സിലാക്കാത്തതാണ്. ക്രിസ്തീയജീവിതത്തിന്റെ ആരംഭത്തിൽ തന്നെ ശരിയായ അടിസ്ഥാനമിട്ടെങ്കിൽ മാത്രമേ മുമ്പോട്ടുപോകുവാൻ സാധിക്കൂ.

ഭൂമിയെ സൃഷ്ടിച്ചു മനുഷ്യനെ ദൈവം അതിൽ പാർപ്പിച്ചപ്പോൾ അവന്റെ ഉദ്ദേശ്യം ഭൂമിയിലുള്ള സകലവും സ്നേഹത്തിന്റെ അന്തരീക്ഷത്തിൽ ജീവിക്കയും ചരിക്കയും ചെയ്യണമെന്നുള്ളതായിരുന്നു. മനുഷ്യരിൽനിന്ന് അവൻ ആവശ്യപ്പെട്ട അനുസരണം ഒരു അടിമയുടെ അനുസരണമല്ല, പിന്നെയോ സ്നേഹപ്രചോദിതമായ അനുസരണമായിരുന്നു. തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമില്ലാത്ത ഒരിടത്തു യഥാർത്ഥ സ്നേഹം ഉണ്ടായിരിക്കയില്ല എന്ന കാരണത്താൽ, മനുഷ്യൻ തെറ്റു തെരഞ്ഞെടുത്തു തന്നോട് അനുസരണക്കേടു കാണിക്കുമെന്ന അപകടം ഒളിഞ്ഞിരിപ്പുണ്ടായിരുന്നെങ്കിലും സ്വയം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ദൈവം ആദാമിനു കൊടുത്തു. എന്തുവില കൊടുത്തായാലും സ്വതന്ത്രമായ ഒരു ബന്ധമാണു മനുഷ്യനുമായി ദൈവം ആഗ്രഹിച്ചത്. അടിമമനോഭാവത്തോടെയുള്ള ഒരു സേവനം ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല; അന്ന് അവൻ ആഗ്രഹിച്ചിരുന്നില്ല; ഇന്നും ആഗ്രഹിക്കുന്നില്ല.

വേദപുസ്തകത്തിലുടനീളം മനുഷ്യനോടുള്ള ദൈവത്തിന്റെ ഇടപാടുകളെല്ലാം ഈ സ്നേഹമെന്ന പ്രമാണത്തിന്റെ അടിസ്ഥാനത്തിലാണെന്നു കാണാം. ഇവിടെ വേദപുസ്തകത്തിൽ ആദ്യമായി ‘സ്നേഹം’ എന്ന വാക്കിനെക്കുറിച്ചു പരാമർശിച്ചിരിക്കുന്ന രണ്ടു സന്ദർഭങ്ങൾ നമുക്കു പരിശോധിക്കാം. ഏതെങ്കിലും വിഷയത്തെപ്പറ്റി വേദപുസ്തകത്തിൽ ആദ്യം പരാമർശിക്കുന്ന ഭാഗം പലപ്പോഴും നമ്മുടെ പഠനത്തിനു വളരെ സഹായകരമാണ്. അതുകൊണ്ടു നാം ഈ രണ്ടു ഭാഗങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ അതിൽനിന്നും വളരെ പ്രയോജനം ലഭിക്കുമെന്നു പ്രതീക്ഷിക്കാം.

ഉല്പ. 22:2-ൽ യിസ്ഹാക്ക്, അബ്രഹാം സ്നേഹിച്ചിരുന്ന ഏകജാതനായ പുത്രൻ എന്നു വായിക്കുന്നിടത്താണു സ്നേഹം എന്ന വാക്ക് ആദ്യമായി കാണുന്നത്. ഈ അധ്യായത്തിൽ പിന്നീടു യിസ്ഹാക്കിനെ യാഗമായി അർപ്പിക്കുന്നതിൽ കാൽവറിയിൽ ദൈവം തന്റെ ഏകജാതനായ പുത്രനെ നമ്മുടെ പാപങ്ങൾക്കുവേണ്ടി യാഗമായി അർപ്പിച്ച ചിത്രമത്രേ നാം കാണുന്നത്. രണ്ടാം വാക്യത്തിൽ പരാമർശിക്കുന്ന സ്നേഹം പിതാവായ ദൈവത്തിനു പുത്രനായ ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ഒരു ചിത്രമാണ്. ഉൽപ. 24:67-ൽ ആണു സ്നേഹമെന്ന പദം രണ്ടാമതു കാണുന്നത്; യിസ്ഹാക്കിനു റിബേക്കയോടുള്ള സ്നേഹം - ഒരു ഭർത്താവിനു ഭാര്യയോടുള്ള സ്നേഹം - അതാണിവിടെ വർണ്ണിക്കുന്നത്. ഇവിടെയും ഈ അധ്യായത്തിന്റെ പിന്നീടുള്ള ഭാഗങ്ങളിലും വരച്ചുകാട്ടുന്നതു യേശുക്രിസ്തുവിനു തന്റെ സഭയോടുള്ള സ്നേഹത്തിന്റെ ഒരു വ്യക്തമായ ചിത്രമാണ്. യോഹ. 15:9-ൽ “പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ (ഉല്പ. 22:2-ൽ പിതാവിനു പുത്രനോടുള്ള സ്നേഹം പ്രദർശിപ്പിക്കുന്നതുപോലെ) ഞാനും നിങ്ങളെ സ്നേഹിക്കുന്നു” (യേശുക്രിസ്തുവിന് ഒരു പാപിയോടുള്ള സ്നേഹത്തെ മണവാളനു മണവാട്ടിയോടുള്ള സ്നേഹത്തോടുപമിച്ച് ഉല്പ. 24:67-ൽ ചിത്രീകരിക്കുന്നതുപോലെ) എന്നു പറഞ്ഞ് ഈ രണ്ട് ആശയങ്ങളെയും കൂട്ടിച്ചേർത്തിരിക്കുന്നു. ഇങ്ങനെ പഴയനിയമത്തിൽപ്പോലും സാദൃശ്യങ്ങളിൽക്കൂടി ദൈവത്തിനു മനുഷ്യനോടുള്ള ഉൽക്കടസ്നേഹം പ്രതിഫലിക്കപ്പെട്ടിരിക്കുന്നു.

അതുകൊണ്ടു നമുക്ക് ഉല്പ. 42-ാം അദ്ധ്യായത്തിൽ കാണുന്ന യിസ്ഹാക്കിന്റെയും റിബേക്കയുടെയും ബന്ധത്തിൽക്കൂടെ നൽകിയിരിക്കുന്ന മങ്ങിയ ചിത്രത്തിൽ നിന്നു കർത്താവിനു നമ്മോടുള്ള സ്നേഹത്തിന്റെ ചില സ്വഭാവവിശേഷതകൾ കണ്ടുപിടിക്കാം. ദൈവം നമ്മെ എത്ര അധികമായി സ്നേഹിക്കുന്നു എന്നു വെളിപ്പെടുത്തുവാൻ ശ്രമിക്കുമ്പോൾ അവൻ ഭാര്യാഭർത്തൃബന്ധം ഉദാഹരണമായി എടുക്കുന്നതു ശ്രദ്ധേയമാണ്. ഭാര്യാഭർത്തൃബന്ധമാണു ലോകത്തിലേക്കും ദൃഢമായ ബന്ധം. ഈ സാദൃശ്യത്തിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നതു ബുദ്ധിപൂർവ്വമല്ലെങ്കിൽതന്നെയും ഈ സാദൃശ്യം ദൈവം തെരഞ്ഞെടുത്തതായി എഫേ. 5:21-33 വാക്യങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നതു തനിക്കു നമ്മോട് ഉണ്ടായിരിക്കുന്നതും, നമുക്കു തന്നോട് ഉണ്ടായിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നതുമായ വ്യക്തിപരമായ സ്നേഹബന്ധത്തെ കുറിക്കുവാൻ ഉപകരിക്കുന്നു. മനുഷ്യനുമായി അപ്രകാരം ഒരു ബന്ധത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ അന്വേഷണം ഉല്പ. 24-ൽ ഉപമാരൂപത്തിൽ കാണാം. ഉല്പ. 24-ൽ അബ്രഹാമിനെ ദൈവത്തിന്റെയും, അബ്രഹാമിന്റെ ബാല്യക്കാരനെ പരിശുദ്ധാത്മാവിന്റെയും, യിസ്ഹാക്കിനെ ദൈവത്തിന്റെ പുത്രന്റെയും, റിബേക്കയെ രക്ഷിക്കപ്പെടാത്തതും പരിശുദ്ധാത്മാവു ക്രിസ്തുവിനുവേണ്ടി തേടിച്ചെല്ലുന്നതും ദൂരദേശത്തു വസിക്കുന്നതുമായ ഒരു അന്യന്റെയും സാദൃശ്യമായി നമുക്കു കാണാവുന്നതാണ്. അബ്രഹാമിന്റെ ബാല്യക്കാരന്റെ - (അയാൾ ഈ നിയോഗത്തിൽ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും പ്രതിനിധിയാണ്) - പെരുമാറ്റത്തിലും യിസ്ഹാക്കിനു റിബേക്കയോടുള്ള പെരുമാറ്റത്തിലും ക്രിസ്തുവിനു നമ്മോടുള്ള സ്നേഹത്തിന്റെ പ്രതിഫലനങ്ങൾ കാണാം.

ഒന്നാമതായി, അബ്രഹാമിന്റെ ദാസൻ യജമാനന്റെ സമ്പത്തിൽനിന്നു റിബേക്കയ്ക്കു സമ്മാനങ്ങൾ കൊടുക്കുന്നു. ഇതു ദൈവത്തെക്കുറിച്ച് ഒരു ഉൾക്കാഴ്ച നമുക്കു നൽകുന്നു. നമ്മോട് എന്തെങ്കിലും മുൻകൂട്ടി ആവശ്യപ്പെട്ടുകൊണ്ടല്ല, പിന്നെയോ, എന്തെങ്കിലും നമുക്കു നൽകിക്കൊണ്ടാണ് അവൻ നമ്മെ സമീപിക്കുന്നത്. സ്നേഹസമ്പന്നനായ ഭർത്താവു തനിക്കുള്ളതെല്ലാം സ്വന്തം ഭാര്യയ്ക്കുകൂടി അവകാശമായി കൊടുക്കുന്നതുപോലെ ദൈവവും തനിക്കുള്ളതെല്ലാം നമുക്കവകാശമായി തരുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിച്ചാൽ അവൻ നമ്മോടു പലതും ആവശ്യപ്പെടുമെന്നും നമ്മുടെ ജീവിതം ക്ലേശകരമാകുമെന്നും ഒരു തെറ്റിദ്ധാരണ പലർക്കുമുണ്ട്. ഇതു നാം തുറന്നു പറയാറില്ലെങ്കിലും നമ്മെത്തന്നെ സമ്പൂർണ്ണമായി അവന്റെ കൈയിലേക്ക് ഏൽപ്പിച്ചുകൊടുക്കാത്തതിന്റെ കാരണമിതാണ്. നേരെ മറിച്ചു നമുക്കുള്ളതെല്ലാം കവർന്നെടുക്കാൻ വരുന്നതു താനല്ല പിശാചാണ് എന്നു യേശുക്രിസ്തു തന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട് (യോഹ. 10:10). പക്ഷേ ഈ കാര്യം വിശ്വസിക്കുന്നവർ എത്രയോ ചുരുക്കമാണ്. തനിക്കുള്ളതെല്ലാം നമുക്കു നൽകുവാനാണു യേശുക്രിസ്തു വന്നതെന്നു നാം യഥാർത്ഥമായി വിശ്വസിച്ചിരുന്നുവെങ്കിൽ നമ്മെത്തന്നെ വ്യവസ്ഥയില്ലാതെ അവന്റെ കൈകളിൽ സമർപ്പിച്ചുകൊടുക്കുന്നതിൽ നാം ഒരുത്തരും വൈമുഖ്യം കാണിക്കയില്ലായിരുന്നു.

ഒരിക്കൽ ഒരു ദൈവദാസൻ ദരിദ്രയായ ഒരു സ്ത്രീയെ സന്ദർശിക്കാൻ പോയി. വീട്ടുവാടക കൊടുക്കാൻ നിവൃത്തിയില്ലാതെ ആ സ്ത്രീ വിഷമിക്കയാണെന്നറിഞ്ഞ് അവർക്കു കൊടുക്കുവാൻ ഒരു സംഭാവനയുമായാണ് അദ്ദേഹം ചെന്നത്. അദ്ദേഹം വീട്ടുപടിക്കലെത്തി വാതിലിൽ മുട്ടി; അനക്കമില്ല. വീണ്ടും വീണ്ടും മുട്ടി. യാതൊരനക്കവുമില്ല. കുറെനേരം അവിടെ കാത്തുനിന്നു. ഒടുവിൽ നിരാശയോടെ തിരിച്ചുപോയി. പിന്നൊരു ദിവസം ആ സ്ത്രീയെ വഴിയിൽ വച്ചു കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: “നിങ്ങൾക്ക് ഒരു സംഭാവനയും കൊണ്ടു ഞാൻ നിങ്ങളുടെ വീട്ടിൽ വന്നിരുന്നു. ഞാൻ വാതിലിൽ മുട്ടിനോക്കി; വാതിൽ അടച്ചു താഴിട്ടിരിക്കുന്നതു കണ്ടു. യാതൊരു മറുപടിയും ലഭിക്കാത്തതുകൊണ്ടു ഞാൻ തിരിയെ പോന്നു.” ആ സ്ത്രീ സങ്കടത്തോടെ പറഞ്ഞു: “ഞാൻ അകത്തുതന്നെയുണ്ടായിരുന്നു. പക്ഷേ വാതിലിൽ മുട്ടുന്നതു കേട്ടപ്പോൾ അതു വാടക വാങ്ങിക്കുവാൻ വീട്ടുടമസ്ഥൻ വന്നതാണെന്നു വിചാരിച്ചു ഞാൻ വാതിൽ തുറന്നില്ല.” സഹോദരീസഹോദരന്മാരെ, യേശുക്രിസ്തു വന്നതു നമ്മിൽ നിന്നും വാടക വാങ്ങുന്നതിനല്ല; തനിക്കുള്ളതെല്ലാം നമുക്കു നൽകുന്നതിനാണ്. അവർണ്ണനീയമായ സമ്പത്തുകൾ നമുക്കു നൽകുവാൻ അവനാഗ്രഹിക്കുന്നു. നാം നമ്മെത്തന്നെ അവന്റെ കരങ്ങളിലേക്കു പൂർണ്ണമായി സമർപ്പിക്കാതിരിക്കുന്നത് എത്ര ഭോഷത്തമാണ്.


**വേദാഭിമാനി**
APRIL

ചീഫ് എഡിറ്റർ
ടൈറ്റസ് കാർത്തികപ്പള്ളി

മാനേജർ
എബ്രഹാം മത്തായി (സണ്ണി)

പബ്ലിഷർ
കെ. സി. വർഗ്ഗീസ്, കല്ലുമണ്ണിൽ


കോ- ഓർഡിനേറ്റർ
തോമസ് വർക്കി

വാർഷിക വരിസംഖ്യ
ഇന്ത്യ -Rs. 100
യു.എസ്.എ. -$25
മറ്റു രാജ്യങ്ങൾ -Rs.1000

എല്ലാ രാജ്യങ്ങളിലും
വേദാഭിമാനി ലഭിക്കുന്നതാണ്
വരിസംഖ്യ അയക്കേണ്ട വിലാസം
**വേദാഭിമാനി**
കേരള – 690 516


വീണ്ടും അബ്രഹാമിന്റെ ദാസനെ ശ്രദ്ധിക്കാം. ഈ കഥയിലെ വേറൊരു സവിശേഷത ആ പെൺകുട്ടിയെ തന്റെ യജമാനനായ യിസ്ഹാക്കിനുവേണ്ടി ദൈവം വേർതിരിച്ചതാണെന്ന് അവനു മനസ്സിലായെങ്കിലും തന്റെകൂടെ വരുന്നതിനു റിബേക്കയെ അവൻ നിർബന്ധിക്കുന്നില്ല എന്നതാണ്. അവൾക്കു സ്വയം തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യത്തെ ദാസൻ മാനിക്കുന്നു. റിബേക്ക തന്നോടൊത്തു പോരുവാൻ സന്നദ്ധയായപ്പോൾ മാത്രമാണ് അവളെ തന്റെകൂടെ കൊണ്ടുപോന്നത് (വാ. 54, 57). ആരംഭത്തിൽ നാം ഹ്രസ്വമായി ചിന്തിച്ചിരുന്നതുപോലെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ മറ്റൊരു വിശേഷതയാണ് ഇത്. മനുഷ്യന്റെ സ്വയം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ ദൈവം മാനിക്കുന്നു. നിർബന്ധിച്ചു നമ്മെക്കൊണ്ടു സ്നേഹിപ്പിക്കുവാൻ അവൻ ആഗ്രഹിക്കുന്നില്ല. ലോകത്തിലുള്ള മനുഷ്യർ -ക്രിസ്തീയ നേതാക്കന്മാർപോലും - നിങ്ങളുടെമേൽ സമ്മർദ്ദം ചെലുത്തി നിങ്ങളെക്കൊണ്ടു പലതും ചെയ്യിക്കുവാൻ ശ്രമിച്ചെന്നുവരാം. എന്നാൽ ദൈവം നിങ്ങളെ ഒരിക്കലും നിർബന്ധിക്കുകയില്ല. നിങ്ങൾ വേദപുസ്തകം വായിക്കുവാനോ,പ്രാർത്ഥിക്കുവാനോ, തന്റെ സാക്ഷിയാകുവാനോ ദൈവം ഒരിക്കലും നിർബന്ധിക്കുന്നില്ല. പാപികൾ തന്റെ അടുക്കലേക്കു തിരിയുന്നതിനോ വിശ്വാസികൾ തന്നെ അനുസരിക്കുന്നതിനോ ദൈവം ഒരിക്കലും ബലംപ്രയോഗിക്കുന്നില്ല. കൂടാരത്തെപ്പറ്റി മോശയ്ക്കു കല്പന കൊടുത്തപ്പോൾ മനസ്സോടുകൂടെ തരുന്നവരിൽനിന്നു ശേഖരിക്കുവാനാണു ദൈവം മോശയോടു പറഞ്ഞത് (പുറ. 25:2). ഈ തത്വം തന്നെയാണു പുതിയനിയമത്തിലും കാണുന്നത് (2 കൊരി. 9:7). തന്നെ അനുസരിക്കുവാൻ ദൈവം ആവശ്യപ്പെടുന്നുവെങ്കിലും അനുസരിക്കുന്നതിനുവേണ്ടി ദൈവം ആരെയും നിർബന്ധിക്കാറില്ല. തെരഞ്ഞെടുക്കുവാൻ ദൈവം തന്നെ മനുഷ്യർക്കു നൽകിയ സ്വാതന്ത്ര്യത്തെ അവൻ മാനിക്കുന്നു. ഞാനും നിങ്ങളും ഇപ്രകാരമുള്ള സ്നേഹത്തെ ഭയപ്പെട്ടിട്ട് എന്താവശ്യം?

സ്നേഹത്തിൽ അടിസ്ഥാനപ്പെടാത്ത അനുസരണംകൊണ്ടെന്തു പ്രയോജനം? തനിക്കുള്ളതൊക്കെയും നമുക്കായി നൽകി നമ്മെ സ്നേഹിച്ച യേശുവിന്റെ സ്നേഹത്തിനു പകരമായി നാം എന്തു ചെയ്തു-ചെയ്തുകൊണ്ടിരിക്കുന്നു എന്ന് ചിന്തിക്കുക.




പ്രൊഫ. ഡേവിഡ് ആർ.

"യേശു എങ്ങനെയുള്ളവൻ എന്നു കാണ്മാൻ ശ്രമിച്ചു" (വാക്യം 3). അക്ഷരികമായി ആ വേദഭാഗം വായിക്കുന്നതു: "യേശു എങ്ങനെയുള്ളവൻ എന്നു കാണുവാൻ അവൻ അന്വേഷിച്ചു" എന്നാണ്. പുതിയനിയമത്തിൽ എവിടെയെല്ലാം "അന്വേഷണം" എന്ന വാക്കുപയോഗിച്ചിരിക്കുന്നുവോ അവിടെയെല്ലാം "ഉത്സാഹത്തോടുകൂടിയുള്ള പരിശ്രമമാണ് അർത്ഥമാക്കുന്നത്. ഒരിക്കലും പകുതി മനസ്സോടുകൂടിയുള്ള ശ്രമമല്ല." യേശു യെരീഹോ വഴി കടന്നുപോകുന്നു എന്നു സക്കായി കേട്ടപ്പോൾ, അവൻ യേശുവിനെ കാണുവാൻ തീരുമാനിച്ചു.

എങ്ങനെയായാലും, അവൻ ശ്രമിച്ചപ്പോൾ, "പുരുഷാരം നിമിത്തം കഴിഞ്ഞില്ല." (വാക്യം 3). പെരുന്നാളിനു യെരുശലേമിൽ പോകുന്ന തീർത്ഥാടകരിൽ പലരും യേശുവിനു ചുറ്റുംകൂടി നടക്കുകയായിരുന്നു. പുറമേ വാർത്ത എല്ലായിടത്തുമെത്തി; മൂന്നുനാലു വരികളായി യെരീഹോ വീഥികൾ ആളുകളെക്കൊണ്ടു നിറഞ്ഞിരിക്കാം.

സക്കായിയുടെ പ്രശ്നം വാക്യത്തിന്റെ അവസാന ഭാഗത്തു പറഞ്ഞിരിക്കുന്നു: "അവൻ വളർച്ചയിൽ കുറിയവൻ ആകകൊണ്ട് കഴിഞ്ഞില്ല..." (വാക്യം 3) നമുക്കു വ്യക്തമായി തന്നെ പറയാം അവൻ കുള്ളനായിരുന്നു. അവൻ പുരുഷാരത്തെ തള്ളിമാറ്റി തനിക്കു എവിടെ നിന്നാലാണ് യേശുവിനെ കാണാൻ സാധിക്കുക എന്നുള്ള അവന്റെ ശ്രമത്തെ എനിക്കു കാണാൻ കഴിയുന്നുണ്ട്. ആളുകൾ അവനെ തിരിച്ചറിഞ്ഞപ്പോൾ വെറുക്കപ്പെട്ടവനായതുകൊണ്ട് പുറകോട്ടു മാറ്റിക്കാണും. അവൻ പുറകിൽ നിന്നുകൊണ്ടു മുകളിലേക്കും താഴേക്കും ചാടുന്നതായി ഞാൻ സങ്കല്പ്പിക്കുന്നു. പുരുഷാരത്തിനു മുകളിലൂടെ കാണുവാൻ ശ്രമിച്ചു പരാജയപ്പെട്ടുകാണും. പെട്ടെന്ന് യേശു കടന്നുപോയി. സക്കായിക്കു അവൻ കുറിയവനായതുകൊണ്ടു, യേശുവിനെ അല്പം പോലും കാണുവാൻ കഴിഞ്ഞിരിക്കയില്ല.

വളർച്ചയിൽ "പൊക്കം കുറഞ്ഞ" വരെകുറിച്ചു അല്പം നിന്നു പറഞ്ഞുകൊള്ളട്ടെ. സക്കായിയുടെ പൊക്കമില്ലായ്മയെക്കുറിച്ചു ആരെങ്കിലും യെരീഹോവിൽ വെറുപ്പും തമാശയും കലർന്ന വൃത്തികെട്ട പാട്ടുകൾ മെനഞ്ഞുണ്ടാക്കിക്കാണും എന്നു ഞാൻ ഊഹിക്കുന്നു. യെരീഹോവിലെ കുട്ടികൾ സക്കായിയെ കാണുമ്പോൾ അവന്റെ പൊക്കമില്ലായ്മയെക്കുറിച്ച് പരിഹാസം നിറഞ്ഞ പാട്ടുകൾ പാടിയിരിക്കും. ആളുകളുടെ പൊക്കത്തെപ്പറ്റി തമാശ പറയുവാൻ മറ്റു ചിലരെപ്പോലെ ഞാൻ മോശമാണ്. എനിക്കറിയാവുന്ന "പൊക്കം കുറഞ്ഞ" ആളുകൾ അധികവും വളരെ പ്രത്യേകതയുള്ളവരാണ്. പലരും ഉദ്ദേശലക്ഷ്യമുള്ളവരും അതു നേടുന്നവരുമാണ്. ചരിത്രപരമായി, നാം നെപ്പോളിയനെയാണ് ഇത്തരുണത്തിൽ ഓർക്കുന്നത്. ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ "പൊക്കം കുറഞ്ഞ" ആഡിമർഫി എന്നയാളായിരുന്നു യുദ്ധത്തിലെ നായകൻ. മറ്റൊരു "പൊക്കം കുറഞ്ഞ" അദ്ധ്യാപകനെ ഓർമ്മ വരുന്നു: അദ്ദേഹത്തിന്റെ പേര് ആർച്ചിഗ്യാരിസൺ എന്നായിരുന്നു. തന്റെ ക്ലാസ്സിലെ അമിതവളർച്ചയുള്ള കുട്ടികളെ അച്ചടക്കത്തിൽ ആക്കാൻ അദ്ദേഹത്തിനു വിഷമമുണ്ടായിരുന്നില്ല. അദ്ദേഹം അവരുടെ കണ്ണുകളിൽ നോക്കി പറയും, "ഞാൻ പൊക്കംകുറഞ്ഞവനായിരിക്കാം, പക്ഷെ ഞാൻ വരിഞ്ഞുമുറുക്കിയ കർക്കശക്കാരനാണ്!"

ഞാൻ വിചാരിക്കുന്നതു സക്കായിയും "വരിഞ്ഞുമുറുക്കിയ കർക്കശക്കാരൻ ആയിരുന്നിരിക്കാമെന്നാണ്. അവൻ അത്ര പെട്ടെന്നു ഒന്നും വിട്ടുകളയുന്നവനല്ല. അവൻ യേശുവിനെ കാണുവാൻ തീരുമാനിച്ചു... എന്നാൽ എങ്ങനെ? ഒരുപക്ഷേ അവൻ നോക്കിയപ്പോൾ റോഡരികിലുള്ള വൃക്ഷങ്ങളുടെ ശിഖരങ്ങളിൽ കുട്ടികൾ കയറിയിരുന്നു യേശുവിന്റെ പ്രസംഗവും നടന്നുപോകുന്ന ജനത്തെയും വീക്ഷിക്കുന്നതു കണ്ടിരിക്കാം. അവൻ അവരെ നോക്കി. അവന്റെ മുഖത്തു പുഞ്ചിരി പടർന്നു.

"എന്നാറെ അവൻ മുമ്പോട്ട് ഓടി" (വാക്യം 4). വളർച്ചയെത്തിയവർ പ്രത്യേകിച്ചു പ്രമാണിമാർ അക്കാലത്തു ഓടാറില്ല. അവർ മന്ദമായി മാനമായിട്ടാണ് നടന്നിരുന്നത്. എന്നാൽ സക്കായിയെ സംബന്ധിച്ച് തന്റെ മാന്യതയെക്കാൾ യേശുവിനെ കാണുക എന്നതായിരുന്നു അവനു മുഖ്യം. തന്റെ വസ്ത്രം മുറുക്കി പൊക്കിപിടിച്ച് കുറിയ കാലുകളെ നീട്ടി ഓടി. ജനക്കൂട്ടത്തിനരികിലൂടെ അവൻ പാഞ്ഞ് പതുക്കെ നീങ്ങുന്ന ജനക്കൂട്ടത്തിന്റെ മുന്നിലെത്തുന്നതുവരെ ഓടി.

സക്കായി, "അവനെ കാണേണ്ടതിനു ഒരു കാട്ടത്തിമേൽ കയറി. യേശു ആ വഴിയായി വരികയായിരുന്നു" (വാക്യം 4). സക്കായി തന്റെ കാൽ ആ വൃക്ഷത്തിന്റെ ഒരു കൊമ്പ് ചക്രവാളത്തിനു സമാന്തരമായി താഴ്ന്നു കിടന്നതിൽ പൊക്കിവച്ചു കഠിനശ്രമമെടുത്തു കയറിപ്പറ്റി. ഈ ചുങ്കക്കാരൻ തന്റെ താല്പര്യത്തിൽ ഒരു കുട്ടിയെപ്പോലെയാണ്. ഈ ദിവസങ്ങളിൽ സക്കായി യേശുവിനെ കാണുമെന്ന നിശ്ചയത്തിലായിരുന്നു – തന്റെ വഴിയിൽ തടസ്സമാകുവാൻ ഒന്നിനേയും അവൻ അനുവദിച്ചില്ല. ജനക്കൂട്ടമോ, അവന്റെ ഉയരക്കുറവോ, തന്റെ അഹങ്കാരമോ ഒന്നും!

യേശുവിനെ അന്വേഷിക്കുന്നതിനെക്കുറിച്ചുള്ള നമ്മുടെ പാഠത്തിൽ മോശെ ഇങ്ങനെ പറയുന്നു: "എങ്കിലും... അവിടെവച്ച് നിന്റെ ദൈവമായ യഹോവയെ നീ തിരകയും പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടെ അന്വേഷിക്കുകയും ചെയ്താൽ അവനെ കണ്ടെത്തും" (ആവർത്തനം 4:29; എംഫസിസ്മൈൻ). വർഷങ്ങൾക്കുമുൻപ് ഒരു ഗുരുവും ശിഷ്യനും റോഡിൽ കൂടെ ഒരുമിച്ചു നടന്നുപോയി. ശിഷ്യൻ ഗുരുവിനോടു; യേശുവിനെ എങ്ങനെ കണ്ടെത്താം എന്നു ചോദിച്ചു. ഗുരു ശിഷ്യനെ പിടിച്ചുകൊണ്ടുപോയി ഒരു വെള്ളം നിറച്ച തൊട്ടിയിൽ തല മുക്കിപ്പിടിച്ചു. ഗുരു കുറച്ചുകഴിഞ്ഞു കൈ എടുത്തപ്പോൾ ശിഷ്യൻ എഴുന്നേറ്റു നിന്നു. വെള്ളം അവന്റെ മൂക്കിൽ നിന്നും മുഖത്തുനിന്നും ഒഴുകിക്കൊണ്ടിരുന്നു. ശ്വാസത്തിനായി വെമ്പൽകൊണ്ടു. ഗുരു പറഞ്ഞു, "ഇപ്പോൾ നീ ശ്വാസത്തിനായി ആഗ്രഹിച്ചതുപോലെ, ആവേശത്തോടെ അന്വേഷിച്ചാൽ നീ യേശുവിനെ കണ്ടെത്തും" കർത്താവിനെ കാണാൻ എന്തും ചെയ്യുവാൻ സക്കായിക്കു മനസ്സുണ്ടായിരുന്നു. സത്യം കണ്ടെത്താൻ അത്തരം ദൃഢനിശ്ചയം ആവശ്യമാണ് (യോഹ. 8:32).

# ഗുസ്തിയും ജീവിതവിജയവും

ബെന്നി ശാലോം

ആധുനിക മനുഷ്യന്റെ ഊർജ്ജത്തിൽ ബഹുഭൂരിപക്ഷവും ചിലവഴിക്കപ്പെടുന്നത് ഗുസ്തിപിടിക്കാനാണെന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. കാരണം ആന്തരികമായും ബാഹ്യമായുമുള്ള സംഘർഷങ്ങളും സംഘട്ടനങ്ങളും നിറഞ്ഞതാണ് ഇന്നത്തെ മനുഷ്യജീവിതം. വീട്ടിൽഗുസ്തി, ജോലിസ്ഥലത്ത് ഗുസ്തി, പ്രാർത്ഥനയിൽപോലും ഗുസ്തി. അങ്ങനെ ഈ ഗുസ്തികളിൽ ജയിച്ചില്ലെങ്കിൽ ജീവിതവിജയം അസാധ്യം എന്ന തോന്നൽ പോലും മനസ്സുകളിൽ രൂഢമൂലമായിട്ടുണ്ട്. ഗുസ്തിപിടിക്കേണ്ട എന്നുവിചാരിച്ച് ഒതുങ്ങിക്കൂടിയാലും ഇങ്ങോട്ട് ചാടിവന്ന് മറ്റുള്ളവർ ഗുസ്തിപിടിക്കും. പിന്നെന്താ ചെയ്യുക?

പക്ഷേ ഒരു കാര്യം നാം ഓർക്കണം. ഗുസ്തി പിടിത്തത്തിനിടയിൽ നഷ്ടപ്പെട്ടുപോകുന്നത് നമ്മുടെ ജീവിതവും അതിന്റെ മനോഹാരിതയുമാണ്. ചിലരുടെ ദാമ്പത്യജീവിതം എന്നുപറയുന്നത് തുടക്കം മുതൽ ഒടുക്കംവരെ ഗുസ്തി മാത്രമാണ്. ഇതിനിടയിൽ എപ്പഴാ ജീവിക്കാൻ സമയം? ഒരു ക്രിസ്ത്യാനി തനിക്കുവേണ്ടി യുദ്ധം ചെയ്യാനുള്ളവനല്ല. അവന്റെ യുദ്ധം ദൈവരാജ്യത്തിനു വേണ്ടിയാണ്. സ്വന്തം താല്പര്യങ്ങൾക്കും നിലനിൽപ്പിനുംവേണ്ടി ഗുസ്തി പിടിച്ചുകൊണ്ടിരിക്കുന്നവന് ആത്മീയ ശുശ്രൂഷയിൽ യുദ്ധം ചെയ്യാൻ കഴിവുണ്ടായിരിക്കുകയില്ല.




തമ്മിൽ തമ്മിൽ യുദ്ധം ചെയ്തുകളയുന്ന ഊർജ്ജവും സമയവും മാത്രം മതി ജീവിതത്തിൽ ഉയരാനും, വളരാനും. പക്ഷേ പലർക്കും ഒരു സംശയം ഉണ്ടാകാം. മത്സരിച്ചില്ലെങ്കിൽ, ഗുസ്തി പിടിച്ചില്ലെങ്കിൽ നാം പിന്നിലായിപ്പോവുകയില്ലേ? മറ്റുള്ളവർ നമ്മെ തകർക്കില്ലേ? ഇല്ല. എന്നാണ് അതിനുള്ള ഉത്തരം. നമ്മുടെ ജീവിതം പൂർണ്ണായും ദൈവത്തിനു വിട്ടുകൊടുത്തു കഴിയുമ്പോൾ നമുക്കുവേണ്ടി യുദ്ധം ചെയ്യാൻ ദൈവമുണ്ടാകും. 1 ശമു. 17:47-ൽ ഇങ്ങനെ വായിക്കുന്നു: "കർത്താവ് വാളും കുന്തവും കൊണ്ടല്ല രക്ഷിക്കുന്നതെന്ന് ഈ ജനതതി മനസ്സിലാക്കും. ഈ യുദ്ധം കർത്താവിന്റേതാണ്." ആവർത്തനം 1:29-30-ൽ മോശ ഇപ്രകാരം ഇസ്രായേൽ ജനത്തോട് പറയുന്നു: "നിങ്ങൾ പരിഭ്രമിക്കേണ്ട; അവരെ ഭയപ്പെടുകയും വേണ്ടാ. നിങ്ങളുടെ മുമ്പേ പോകുന്ന ദൈവമായ കർത്താവ്.... നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും." ഈ സത്യം ബോധ്യപ്പെടാത്തതുകൊണ്ടാണ് നാം തമ്മിൽ തമ്മിൽ യുദ്ധോത്സുകരായി മാറിയത്. നമ്മുടെ ജീവിതപ്രശ്നങ്ങളിൽ ഇടപെടാനും നമുക്കുവേണ്ടി സംസാരിക്കാനും പടപൊരുതാനും യുദ്ധവീരനായ യഹോവ ഉണ്ടെന്ന് തിരിച്ചറിയുമ്പോൾ നാം ശാന്തതയുള്ളവരായിത്തീരും. പക്ഷേ നമ്മുടെ സ്വന്തം യുദ്ധമുറകൾ പിൻവലിച്ചാലേ ദൈവം നമുക്കുവേണ്ടി യുദ്ധം ചെയ്യുകയുള്ളൂ. മറ്റൊരു പ്രധാനപ്പെട്ട കാര്യം ദൈവം നമ്മുടെ പക്ഷത്താണെങ്കിൽ ആർക്കും നമ്മെ കീഴ്പ്പെടുത്താൻ കഴിയില്ല എന്നത് യാഥാർത്ഥ്യമാണ്. വേറൊരു വിധത്തിൽ പറഞ്ഞാൽ ദൈവം തോല്പിച്ചാലേ നാം തോൽക്കുകയുള്ളൂ. മനുഷ്യനു നമ്മോട് ഒന്നും ചെയ്യാൻ കഴിയില്ല. പക്ഷേ ഇതൊക്കെ യാഥാർത്ഥ്യമാകണമെങ്കിൽ നാം ദൈവത്തിന്റെ പക്ഷത്തായിരിക്കണം. നമ്മുടെ ജീവിതം മുഴുവനും ദൈവകരങ്ങളിൽ സമർപ്പിച്ചതായിരിക്കണം. ദൈവത്തിന് സമർപ്പിച്ച വസ്തു ദൈവത്തിന്റേതാണ്. അതിനെ കാത്തുസൂക്ഷിക്കാനായി പടപൊരുതേണ്ടത് , ആ വസ്തുവല്ല, പ്രത്യുത ദൈവമാണ്.

ജീവിതബന്ധങ്ങൾ ഒരു രണഭൂമിയായി മാറുന്നതിന്റെ അർത്ഥം നമ്മുടെ സമർപ്പണം അപൂർണ്ണമാണെന്നാണ്. ദൈവഹിതത്തിന് കീഴ്വഴങ്ങാനും, ദൈവരാജ്യം അന്വേഷിക്കാനും കഴിയാത്തവർ എപ്പോഴും എല്ലാവരോടും യുദ്ധം ചെയ്യുന്നവരായിരിക്കും. ഭയത്താൽ പീഡിപ്പിക്കപ്പെടുന്ന അവരുടെ അരക്ഷിതാവസ്ഥയാണ് സമരവാസനയായി പുറത്തുവരുന്നത്. നമ്മെ വളർത്തുന്നതും ഉയർത്തുന്നതും ദൈവമാണെന്ന് ബോധ്യമുള്ളയാൾ പിന്നീടൊരിക്കലും ഉയരാനും വളരാനുമായി മറ്റുള്ളവരോട് ഗുസ്തിപിടിക്കില്ല. തനിക്കുവേണ്ടി പൊരുതുവാൻ ഒരു ദൈവമുണ്ടെന്ന് തിരിച്ചറിയുന്നവരും ഗുസ്തിയിൽ നിന്നൊഴിഞ്ഞുനിൽക്കും. ചുരുക്കത്തിൽ യഥാർത്ഥമായ ദൈവവിശ്വാസമില്ലായ്മയാണ് ഗുസ്തിപിടിത്തത്തിന്റെ പിന്നിലുള്ളത്. ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസം നമ്മെ ശാന്തരും സമാധാനപ്രിയരുമായി മാറ്റട്ടെ.



# തികഞ്ഞ സ്നേഹം തികഞ്ഞ വിശ്വാസം

കന്യാകുമാരിയിലെ കാറ്റിന് ഒരു രക്തസാക്ഷിയുടെ കഥ പറയുവാനുണ്ട്. കാൽവറിപ്പാത മനസിൽ ധ്യാനിച്ച് വേദനകളുടെ നടുവിലൂടെ സധൈര്യം നടന്നുനീങ്ങിയ ദേവസഹായം പിള്ളയുടെ ജീവിതകഥ. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഭരണകാലത്തു തിരുവിതാംകൂർ സൈന്യത്തിലെ ഉയർന്ന ഉദ്യോഗസ്ഥനും ധനികനും നായർ സമുദായാംഗവുമായിരുന്ന നീലകണ്ഠപ്പിള്ള തന്റെ പദവികളും ഭാരിച്ച സമ്പത്തുമെല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിനെ സ്വീകരിച്ചു. ജ്ഞാനസ്നാനത്തിൽ ദേവസഹായം എന്ന പേരു സ്വീകരിച്ച അദ്ദേഹം ക്രിസ്തുമാർഗ്ഗം സ്വീകരിച്ചതിന്റെ പേരിൽ രക്തസാക്ഷിത്വം വരിക്കേണ്ടിവന്നു. ആരൽവായ്മൊഴി എന്ന സ്ഥലത്തുള്ള കാറ്റാടിമലയിൽവച്ചാണു രാജകിങ്കരന്മാർ ദേവസഹായംപിള്ളയെ വെടിവച്ചു കൊന്നത്. ഭാരതദേശത്തിന്റെ തെക്കൻമണ്ണിൽ വിശ്വാസദീപം ആളിക്കത്തിച്ച ദേവസഹായം പിള്ളയുടെ ജീവിതത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടമാണ് ഈ ലേഖനം.



ആദിത്യവർമ രാജാവ് (എ.ഡി. 1696–1721) കൽക്കുളം കേന്ദ്രമാക്കി വേണാടിൽ ഭരണം നടത്തുന്ന കാലം. വേണാടു രാജ്യത്തിലെ നട്ടാലം എന്ന ഗ്രാമത്തിൽ (കന്യാകുമാരി ജില്ലയിലെ മാർത്താണ്ഡത്തിനു സമീപം) 1712–ൽ പുരാതന തറവാടായ മരുതൻകുളങ്ങര വീട്ടിൽ വാസുദേവൻ നമ്പൂതിരിയുടെയും ദേവകിയമ്മയുടെയും മകനായി നീലകണ്ഠപ്പിള്ള ജനിച്ചു. ചെറുപ്പത്തിൽത്തന്നെ നീലകണ്ഠപ്പിള്ള സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടി. കൂടാതെ തർക്കം, വ്യാകരണം, പുരാണം, ആയുധവിദ്യ എന്നിവയും അഭ്യസിച്ചു. എല്ലാവരും ശ്രദ്ധിക്കത്തക്ക നല്ല ഗുണങ്ങൾ ബാല്യത്തിൽത്തന്നെ നീലകണ്ഠനിൽ കണ്ടുതുടങ്ങിയിരുന്നു.

നീലകണ്ഠപ്പിള്ളയുടെ തറവാടിന്റെ വകയായി ധാരാളം വയലുകളും തെങ്ങിൻതോപ്പുകളും ഒക്കെ ഉണ്ടായിരുന്നു. കുടുംബത്തിലെ മൂത്തമകളുടെ പുത്രനായതുകൊണ്ട് ഇവയെല്ലാം നോക്കിനടത്തേണ്ട ചുമതല ക്രമേണ നീലകണ്ഠനിൽ നിക്ഷിപ്തമായി. അന്നത്തെക്കാലത്തെ ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ച നീലകണ്ഠപ്പിള്ളയോട് എല്ലാവരും ബഹുമാനപൂർവ്വം പെരുമാറി. അഹങ്കാരം അദ്ദേഹത്തെ തെല്ലും ബാധിച്ചിരുന്നില്ല. സത്സ്വഭാവിയും സമ്പന്നനുമായിരുന്ന നീലകണ്ഠപ്പിള്ളയെ മരുമകനായി കിട്ടുവാൻ അന്നത്തെ പല നായർ മാടമ്പിമാരും ആഗ്രഹിച്ചു. തിരുവിതാംകോടിനടുത്തുള്ള മേക്കാടു തറവാട്ടിലെ ഭാർഗവിയെയാണു നീലകണ്ഠപ്പിള്ള വിവാഹം ചെയ്തത്.

1729–ൽ മാർത്താണ്ഡവർമ മഹാരാജാവ് വേണാടിന്റെ ഭരണസാരഥ്യം ഏറ്റെടുത്തു. അദ്ദേഹത്തിന്റെ ഭരണകാലം വേണാടിന്റെ ചരിത്രത്തിലെ സുവർണകാലഘട്ടമായിരുന്നു. മാർത്താണ്ഡവർമയുടെ കാലത്താണ് വേണാട് തിരുവിതാംകൂർ എന്നറിയപ്പെടാൻ തുടങ്ങിയത്. പത്മനാഭപുരം (പഴയ കൽക്കുളം) കൊട്ടാരത്തിലിരുന്നാണ് അദ്ദേഹം ഭരണം നടത്തിയത്. ചെറിയ നാട്ടുരാജ്യമായിരുന്ന തിരുവിതാംകൂറിന്റെ അതിർത്തികൾ വികസിപ്പിച്ച് രാജ്യത്തെ വിപുലപ്പെടുത്തിയത് മാർത്താണ്ഡവർമ്മ ആയിരുന്നു. മഹാരാജാവ് സൈനികശക്തി വർധിപ്പിച്ച ഈ കാലയളവിൽ ആയുധവിദഗ്ധനായിരുന്ന നീലകണ്ഠപ്പിള്ളയ്ക്കു സൈനത്തിൽ മാന്യമായ ജോലി ലഭിച്ചു. 1740–ൽ തന്റെ 28–ാം വയസിലാണ് നീലകണ്ഠപ്പിള്ള സൈനിക ജോലിയിൽ പ്രവേശിക്കുന്നത്. അനിതരസാധാരണമായ കഴിവുകളുണ്ടായിരുന്ന നീലകണ്ഠപ്പിള്ള താമസിയാതെ സൈന്യത്തിലെ ശ്രദ്ധിക്കപ്പെടുന്ന വ്യക്തിയായി മാറി. അദ്ദേഹത്തിന്റെ ആത്മാർത്ഥതയിലും യുദ്ധനൈപുണ്യത്തിലും മഹാരാജാവ് സന്തുഷ്ടനായിരുന്നു. 1741–ൽ നടന്ന ചരിത്രപ്രസിദ്ധമായ കുളച്ചൽ യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യത്തിന്റെ മുമ്പിൽ ഡച്ച്സേന പരാജയപ്പെടുകയും ഡച്ച് ക്യാപ്റ്റൻ ഡിലനോയി തടവുകാരനാക്കപ്പെടുകയും ചെയ്തു. ഡിലനോയി ഉദയഗിരിയിൽ തടവുകാരനായി കഴിയവേ അദ്ദേഹത്തിന്റെ ധീരതയിലും സ്വഭാവവൈശിഷ്ട്യത്തിലും ആകൃഷ്ടനായ മാർത്താണ്ഡവർമ മഹാരാജാവ് ഡിലനോയിയെ ആദ്യം അംഗരക്ഷകനാക്കുകയും പിന്നീട് തിരുവിതാംകൂർ സൈന്യത്തിൽ ചേർക്കുകയും ചെയ്തു. ഡിലനോയിയുടെ ആത്മാർത്ഥയും യുദ്ധസാമർഥ്യവും മനസിലാക്കി മഹാരാജാവ് അദ്ദേഹത്തെ സേനാനായകനാക്കി. ക്യാപ്റ്റൻ ഡിലനോയിയുടെ കീഴിൽ സൈനിക ഉദ്യോഗസ്ഥനായി നീലകണ്ഠപ്പിള്ള ജോലി നോക്കിവന്നു. സൽസ്വഭാവിയും സത്യസന്ധനുമായ അദ്ദേഹത്തെ ഡിലനോയി ആത്മാർത്ഥമായി സ്നേഹിച്ചു. ക്യാപ്റ്റൻ ഉറച്ച വിശ്വാസിയായിരുന്നു. അദ്ദേഹത്തിൽ നിന്നാണു നീലകണ്ഠപ്പിള്ള യേശുവിനെക്കുറിച്ചു മനസിലാക്കിയത്. യേശുവിന്റെ ചരിത്രം നീലകണ്ഠപ്പിള്ളയുടെ മനസിനെ ആഴത്തിൽ സ്പർശിച്ചു. ക്രിസ്തുതത്ത്വങ്ങൾ പഠിച്ച നീലകണ്ഠപ്പിള്ളയ്ക്കു ക്രൈസ്തവനാകുവാൻ ആഗ്രഹമായി.

ഡിലനോയി അദ്ദേഹത്തെ വടക്കാംകുളത്തു താമസിച്ചിരുന്ന ജോൺ ബാപ്റ്റിസ്റ്റ് ബുത്താരിയുടെ പക്കലേക്ക് അയച്ചു. നീലകണ്ഠപ്പിള്ളയുടെ ആഗ്രഹം ആത്മാർത്ഥമെന്നു മനസ്സിലാക്കിയ ബുത്താരി 1745 മേയ് 17–ന് അദ്ദേഹത്തിനു വിശ്വാസസ്നാനം നൽകി. "ദൈവത്തിന്റെ സഹായം" എന്ന് അർഥം വരുന്ന 'ലാസർ' എന്ന പദത്തിന്റെ തമിഴ് പ്രയോഗമായ 'ദേവസഹായം' എന്ന പേര് നീലകണ്ഠപ്പിള്ള സ്വീകരിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ ഭാര്യയും യേശുവിനെ രക്ഷകനായി സ്വീകരിക്കുകയും 'ജ്ഞാനപ്പൂ' (ത്രേസ്യാമ്മ) എന്ന പേരു സ്വീകരിക്കുകയും ചെയ്തു. സന്ന്യാസജീവിതം നയിക്കുവാൻ തീരുമാനിച്ച ദേവസഹായവും ഭാര്യയും തങ്ങളുടെ സ്വത്തുവകകളെല്ലാം ആശ്രിതർക്കും ബന്ധുക്കൾക്കുമായി നൽകി. തുടർന്ന് 1749–ൽ തടവുകാരനാക്കപ്പെടുന്നതുവരെ ദേവസഹായംപിള്ള സുവിശേഷവേല ചെയ്തു. ജാതിവ്യവസ്ഥയെയും സമൂഹത്തിലെ ഉച്ചനീചത്വങ്ങളെയും എതിർത്തു.

നീലകണ്ഠപ്പിള്ളയുടെ മതംമാറ്റം അന്നത്തെ സമൂഹത്തിൽ വലിയ കോളിളക്കങ്ങൾ സൃഷ്ടിച്ചു. സമൂഹത്തിൽ ഉന്നതസ്ഥാനമുള്ള ഒരാൾ ക്രിസ്തുമതം സ്വീകരിച്ചതാണ് ഒച്ചപ്പാടിനു കാരണമായത്. രാമയ്യൻ ദളവയും ഉദ്യോഗസ്ഥപ്രമുഖരും ക്ഷേത്രസങ്കേതങ്ങളിലെ അധികാരികളും ദേവസഹായംപിള്ളയ്ക്കെതിരെ തിരിഞ്ഞു. ഇവർ മഹാരാജാവിനോട് കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ക്യാപ്റ്റൻ ഡിലനോയിക്ക് ഉദയഗിരികോട്ടയ്ക്കുള്ളിൽ ദേവാലയം നിർമ്മിക്കാൻ അനുവാദം നൽകിയ മാർത്താണ്ഡവർമ മഹാരാജാവ് ഇവിടെ ഉദ്യോഗസ്ഥ പ്രമുഖരുടെ നിർബന്ധത്തിനു വഴങ്ങുകയും ദേവസഹായംപിള്ളയെ രാജസന്നിധിയിൽ വിളിച്ചുവരുത്തുകയും ചെയ്തു.

രാജസന്നിധിയിൽ എത്തിയ ദേവസഹായം പിള്ളയോടു മഹാരാജാവ് ക്രിസ്തുമാർഗ്ഗം ഉപേക്ഷിക്കാൻ കല്പിച്ചെങ്കിലും അദ്ദേഹം അതിനു തയാറായില്ല. "ഞാൻ ക്രൈസ്തവനായി ജീവിക്കാൻ ഈ നാട്ടിലെ നിയമം അനുവദിക്കുന്നില്ലെങ്കിൽ ഏതു ശിക്ഷയും സ്വീകരിക്കാൻ ഒരുക്കമാണ്" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. മഹാരാജാവ് പിള്ളയെ ജയിലിലടയ്ക്കാൻ ഉത്തരവിട്ടു. ജയിലറയിൽ ക്രൂരമായ പീഡനങ്ങളാണ് പിള്ളയ്ക്കു സഹിക്കേണ്ടിവന്നത്. എങ്കിലും അദ്ദേഹത്തിന്റെ മനസു തളർന്നില്ല. മറ്റു തടവുകാർക്കു മനോധൈര്യം പകരാനും അവർക്കു സത്യത്തിന്റെ പാത കാട്ടിക്കൊടുക്കാനും പിള്ള പരമാവധി ശ്രമിച്ചു.

പിന്നീട്,നാടുനാളെ കൊണ്ടുനടന്ന് അവഹേളനാപാത്രമാക്കാനും താലൂക്ക് അധികാരികളുടെ ശിക്ഷകൾ ഏറ്റുവാങ്ങാനും ദേവസഹായംപിള്ള വിധിക്കപ്പെട്ടു. ഹൃദയഭേദകമായ സംഭവങ്ങളാണ് തുടർന്ന് ആ സാധുവിന്റെ ജീവിതത്തിൽ അരങ്ങേറിയത്. മുപ്പതുദിവസം എരുമപ്പുറത്തുകയറ്റി നാടുചുറ്റി അവഹേളിക്കുകയും ഉള്ളംകാലിൽ അടിക്കുകയും, വെയിലിൽ കെട്ടിയിട്ടു ചൂരമുള്ളുകൊണ്ട് അടിച്ചു മുറിപ്പെടുത്തുകയും, മുറിവിൽ മുളകുപൊടി തേക്കുകയും, മൺപാത്രങ്ങളിൽ മുളകുനിറച്ച് തീ കൊളുത്തിയശേഷം പുകച്ചുരുളുകൾക്കു നടുവിലും ചുണ്ണാമ്പു ചൂളയിലും നിർത്തുകയും ഒക്കെ ചെയ്തു. എന്നിട്ടും പിള്ളയുടെ മനസു മാറിയില്ല. ഒരു ദിവസം പിള്ളയെ കൈവിലങ്ങുകളോടെ നട്ടുച്ചനേരത്ത് ഏറെ ദൂരം നടത്തി തക്കലയ്ക്കടുത്തുള്ള പുലിയൂർക്കുറിച്ചി എന്ന സ്ഥലത്തുകൊണ്ടുവന്നു. ദാഹപരവശനായ അദ്ദേഹം കുടിവെള്ളത്തിനായി കേണു. ചപ്പും ചവറും അഴുകി ദുർഗന്ധം വമിക്കുന്ന ഒരു കുളത്തിൽ നിന്നു മലിനജലം എടുത്തു നീട്ടുകയാണു പട്ടാളക്കാർ ചെയ്തത്.

ദേവസഹായം കൈമുട്ടുകൾ ഒരു പാറപ്പുറത്തു കുത്തിക്കൊണ്ടു ദൈവത്തോട് ദാഹനീരിനായി അപേക്ഷിച്ചപ്പോൾ ആ പാറയിൽ നിന്ന് ഒരു നീരുറവ പ്രവഹിക്കുകയും അദ്ദേഹം ദാഹം മാറ്റുകയും ചെയ്തതായും ഇന്നും നീരുറവയുള്ള ആ പാറയാണ് 'മുട്ടിടിച്ചാൻപാറ' എന്ന് അറിയപ്പെടുന്നതെന്നും പറയപ്പെടുന്നു.

ദേവസഹായംപിള്ളയ്ക്കു മനംമാറ്റമില്ലെന്നു കണ്ട മഹാരാജാവ് അദ്ദേഹത്തെ തിരുവിതാംകൂറിന്റെ തേക്കേ അതിർത്തിയായ ആരൽവായ്മൊഴിയിൽ കൊണ്ടുപോയി വെടിവച്ചുകൊല്ലാൻ ഉത്തരവിട്ടു. 1752 ജനുവരി 12 വെള്ളിയാഴ്ച ആരൽവായ്മൊഴിയിലെ കാറ്റാടിമലയിൽ വച്ച് വിധി നടപ്പാക്കപ്പെട്ടു.



## ബൈബിൾ വെറും ഒരു പുസ്തകമോ?

പ്രപഞ്ചാരംഭത്തിന്റെയും വികാസപരിണാമങ്ങളുടെയും പൊരുൾ തേടുന്ന മനുഷ്യൻ അവയ്ക്കുത്തരം കണ്ടെത്താനുള്ള കണികാപരീക്ഷണത്തിന്റെ പരിശ്രമത്തിലാണ്. മഹാവിസ്ഫോടനത്തിന്റെ പുനരാവിഷ്കാരത്തിന് കോപ്പുകൂട്ടുമ്പോൾ തന്റെതന്നെ അസ്ഥിത്വം ദൈവിക അനശ്വരതയുമായി ബന്ധപ്പെട്ടുകിടക്കുന്ന കാര്യം മറന്നുള്ള അന്വേഷണത്തിലാണവൻ. ജന്മനാ അന്ധത ബാധിച്ചിട്ടുള്ളവന് വർണ്ണപകിട്ടുകളും ദൃശ്യവിസ്മയങ്ങളും അഗ്രാഹ്യമായിരിക്കുന്നതുപോലെ സമയബന്ധിതമായ മനുഷ്യമനസിന് അനന്തതയെക്കുറിച്ച് പരിമിതമായ അറിവ് മാത്രമേയുള്ളു. ഈ അളവുകോലുകൊണ്ട് കാലത്തേയോ ദൈവത്തേയോ അളക്കുവാൻ വ്യഗ്രതയിലായിരിക്കുന്ന മനുഷ്യന് എന്നെങ്കിലും തന്റെ പരിശ്രമത്തിൽ വിജയിക്കുവാൻ കഴിയുമോ? ദൈവത്തെ അറിയണമെങ്കിൽ ദൈവഭവനവുമായി ബന്ധപ്പെടണം. തിരുവചനങ്ങളാണ് ദൈവഭവനവുമായി നമ്മെ കൂട്ടിയിണക്കുന്നത്. ലോകത്തേയും കാലത്തേയും കുറിച്ചുള്ള അറിവുകൾ ദൈവവചനത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഇത് വായിക്കുകയും കേൾക്കുകയും ചെയ്യുന്ന ഒരുവന് മാത്രമേ കാലത്തേയും ദൈവത്തേയും കുറിച്ചുള്ള യഥാർത്ഥ അറിവ് ലഭിക്കുകയുള്ളു. മനുഷ്യനെ ജ്വലിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചിന്തിപ്പിക്കുകയും പഠിപ്പിക്കുകയും വഴിനടത്തുകയും ചെയ്യുന്ന നിത്യരക്ഷയുടെ അച്ചാരമായ അഗ്നിയാണ് തിരുവചനം. അനുദിന ജീവിതത്തിനായി ഓരോ ദിവസവും നോക്കേണ്ടത് തിരുവചനത്തിലേക്കാണ്. ദൈവം മത്സ്യത്തിന് ജലവും വിവേകിയായ മനുഷ്യന് ദൈവവചനവും നൽകിയിരിക്കുന്നു. ഇതിനു പുറത്തു കടന്നാൽ രണ്ടിനും മരണമാണു ഫലം. പ്രാണവായു പോലെ സ്വീകരിച്ച് വചനംകൊണ്ട് ജീവിതത്തെ പുനർനിർവ്വചിക്കണം. വിശുദ്ധവേദപുസ്തകം കേവലം ഒരു പുസ്തകമല്ല. ആദ്യം അത് എഴുതിയത് കടലാസിലുമല്ല. വിശ്വാസസമൂഹത്തിന്റെ ഹൃദയത്തിലാണ് അത് എഴുതപ്പെട്ടത്. നമ്മുടെ ഹൃദയത്തിൽ തിരുവചനങ്ങൾ എഴുതപ്പെടുന്നില്ലെങ്കിൽ – അത് ആത്മീയജീവിതത്തിന്റെ പ്രാണവായുവായി മാറുന്നില്ലെങ്കിൽ – അത് പുസ്തകമെന്നോ, അക്ഷരമെന്നോ, വെറും കടലാസെന്നോ പറയേണ്ടിവരും. വീണ്ടും ജനിക്കുന്നത് നശ്വരമായ ബീജത്തിൽ നിന്നല്ല. അനശ്വരവും സജീവവും സനാതനവുമായ ദൈവവചനത്തിൽ നിന്നാണ്. കേവലം പുസ്തകതാളുകളിലല്ല വീണ്ടും ജനിച്ച ദൈവപൈതലിന്റെ ഉള്ളിൽ കർത്താവിന്റെ വചനം നിത്യം നിലനിൽക്കും. –വേദാഭിമാനി

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# സാധിച്ചിട്ടില്ലെങ്കിലും സാധിക്കും

**ജോൺ കുര്യൻ**


നമുക്ക് സാധിക്കാത്തതിനെ ദൈവം സാധിപ്പിച്ചുതരുന്ന ഒരു ജീവിതമാണ് വിജയകരമായ ക്രിസ്തീയജീവിതം. ഈ സത്യം നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരുന്ന ഒരു പുതിയനിയമഭാഗമാണ് യോഹന്നാൻ 21:1–6. 'അതിന്റെശേഷം യേശു പിന്നെയും തിബെര്യാസ് കടൽക്കരയിൽവച്ചു ശിഷ്യന്മാർക്കു പ്രത്യക്ഷനായി; പ്രത്യക്ഷനായതു ഈവിധം ആയിരുന്നു. ശിമോൻ പത്രോസും ദിദിമോസ് എന്ന തോമസും ഗലീലയിലുള്ള കാനായിലെ നഥനയേലും സെബദിമക്കളും അവന്റെ ശിഷ്യന്മാരിൽ വേറെ രണ്ടുപേരും ഒരുമിച്ചുകൂടിയിരുന്നു. ശിമോൻ പത്രോസ് അവരോട്: ഞാൻ മീൻ പിടിപ്പാൻ പോകുന്നു എന്നു പറഞ്ഞു; ഞങ്ങളും പോരുന്നു എന്നു അവർ പറഞ്ഞു. അവർ പുറപ്പെട്ടു പടകു കയറിപ്പോയി. ആ രാത്രിയിൽ ഒന്നും പിടിച്ചില്ല. പുലർച്ച ആയപ്പോൾ യേശു കരയിൽനിന്നിരുന്നു; യേശു ആകുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല. യേശു അവരോടു: കുഞ്ഞുങ്ങളെ കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു; ഇല്ല എന്നു അവർ ഉത്തരം പറഞ്ഞു. പടകിന്റെ വലതുഭാഗത്തു വല വീശുവിൻ എന്നാൽ നിങ്ങൾക്കു കിട്ടും എന്നു അവൻ അവരോടു പറഞ്ഞു. അവർ വീശി, മീനിന്റെ പെരുപ്പം ഹേതുവായി അതു വലിപ്പാൻ കഴിഞ്ഞില്ല.'

വേദപുസ്തകത്തിലെ പുസ്തകങ്ങളുടെ ക്രമം പറഞ്ഞാൽ സഭായുഗം ആരംഭിക്കുന്ന അപ്പൊസ്തപ്രവൃത്തിക്ക് തൊട്ടുമുമ്പുള്ള അദ്ധ്യായമാണ് യോഹന്നാൻ 21. ആ നിലയിൽ പഴയനിയമകാലത്തിന്റെ ഒടുവിലത്തെ അദ്ധ്യായം എന്നു നമുക്ക് ഈ അദ്ധ്യായത്തെ വിളിക്കാം. ഇവിടെ നാം വായിക്കുന്ന സംഭവത്തിലൂടെ, അവസാനിക്കുന്ന ന്യായപ്രമാണത്തിന്റെ കുറവും പുതുതായി ആരംഭിക്കുന്ന പുതിയനിയമത്തിന്റെ അതായത് കൃപയുടെ പ്രമാണത്തിന്റെ മഹത്വവും നാം ദർശിക്കുന്നു. പത്രോസും കൂട്ടരും മീൻ പിടുത്തത്തിൽ അതിവിദഗ്ദ്ധരായിരുന്നെങ്കിലും സ്വന്ത കഴിവിൽ ആശ്രയിച്ച് അവർ ചെയ്യുന്ന അദ്ധ്വാനം വിഫലമാകുന്നത് നാമിവിടെ കാണുന്നു. ആ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും പിടിച്ചില്ല. ന്യായപ്രമാണത്തിനുകീഴിൽ വളരെ വർഷങ്ങൾ അദ്ധ്വാനിച്ചിട്ടും ഒന്നും സാധിക്കാത്ത, യഥാർത്ഥജീവിതത്തിലേക്ക് എത്താൻ കഴിയാത്ത തന്റെ പ്രവൃത്തികളാൽ കാര്യം സാധിക്കുവാൻ ശ്രമിക്കുന്ന മനുഷ്യന്റെ ഒരു നല്ല ചിത്രം. എന്നാൽ പുലർച്ച ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു. കൃപയുടെ പ്രമാണം ഇതാ ഉദയം ചെയ്തിരിക്കുന്നു. 'കൃപ ക്രിസ്തു മുഖാന്തിരം വന്നു' എന്ന് യോഹന്നാൻ 1:17–ൽ നാം വായിക്കുന്നുണ്ടല്ലൊ. ക്രിസ്തു ഇവിടെ പറയുന്നത്: 'പടകിന്റെ വലത്തുഭാഗത്തു വല വീശുവിൻ, എന്നാൽ നിങ്ങൾക്കു കിട്ടും' എന്നാണ്. അതു വിശ്വസിച്ച് ശിഷ്യന്മാർ വലതുഭാഗത്തു വല വീശിയപ്പോൾ പെരുത്ത മീൻകൂട്ടം അവർക്കു കിട്ടി. അവരുടെ അദ്ധ്വാനത്താലല്ല; ക്രിസ്തുവിന്റെ വാക്കിനാൽ ഇവിടെ കാര്യം സാധിക്കുന്നു. ക്രിസ്തുവിന്റെ വാക്കിൽ വിശ്വസിച്ച് അവർ അനുസരിക്കുന്നു. അവർക്ക് സാധിക്കാതിരുന്ന കാര്യം ക്രിസ്തു സാധിപ്പിച്ചുകൊടുക്കുന്നു. ഇതാണ് ഈ കൃപയുടെ കാലയളവിലും സംഭവിക്കാവുന്നത്. എനിക്കു സ്വയമായി സാധിക്കാത്ത കാര്യം കർത്താവ് സാധിപ്പിച്ചുതരും. അവന്റെ വാക്ക് വിശ്വസിച്ച് മുന്നോട്ടു പോകുന്നവരെ കർത്താവ് സഹായിക്കും. അവർക്ക് പെരുത്ത മീൻകൂട്ടം ലഭിക്കുന്നു. കഷ്ടിച്ച് വിശപ്പു മാറ്റാനുള്ളതല്ല അവർക്ക് ലഭിച്ചത്. സമൃദ്ധിയായി, ധാരാളമായി ലഭിച്ചു. കർത്താവു നൽകുന്ന വിജയവും ഇതുപോലെയാണ്. കഷ്ടിച്ച് ചില പാപങ്ങളുടെയും ആകുല ചിന്തകളുടെയും മേലുള്ള വിജയമല്ല സകലത്തിലും വിജയം, സമൃദ്ധമായ ജീവിതം.

ഇവിടെ ഈ പെരുത്ത മീൻകൂട്ടം ലഭിച്ചതു സംബന്ധിച്ച് പത്രോസിന് അഹങ്കരിക്കാൻ വകയൊന്നുമില്ല. കാരണം അത് താൻ ചെയ്തതല്ല; കർത്താവ് ചെയ്തതാണ്. നമ്മുടെ ജീവിതത്തിൽ വിജയം ലഭിക്കുമ്പോൾ നാം അതിനെക്കുറിച്ച് ഗർവ്വുള്ളവരായിത്തീരുകയും അങ്ങനെ വിജയം ലഭിക്കാത്തവരെ നിന്ദയോടെ വീക്ഷിക്കുകയും ചെയ്യുന്നവരാണോ? കർത്താവു നൽകുന്ന വിജയമാണെങ്കിൽ അതിൽ നമുക്കു പ്രശംസിപ്പാൻ ഒന്നുമില്ല. മുഴുവനും കൃപയാൽ സാധിക്കുന്നതത്രേ. 'വലത്തുഭാഗത്ത് വല വീശുവിൻ. എന്നാൽ നിങ്ങൾക്കു കിട്ടും' എന്ന് കർത്താവു പറഞ്ഞ വാക്കുകൾ ശിഷ്യന്മാർ വിശ്വസിച്ചു. താൻ അരുളിച്ചെയ്തത് താൻ നിവൃത്തിക്കും എന്നു അറിഞ്ഞ് അവർ അവന്റെ വാക്കിൽ ആശ്രയിച്ചു.

നമ്മുടെ സ്വന്തശക്തിയാൽ ക്രിസ്തീയജീവിതം പ്രയാസമാണെന്നല്ല; അസാധ്യമാണ്. ഈ കാര്യം വാസ്തവമായി ബോധ്യപ്പെടുന്ന നാം നമ്മെത്തന്നെ താഴ്ത്തി 'കർത്താവേ; കൃപയ്ക്കധീനനായ എന്റെമേൽ യാതൊരു പാപവും കർതൃത്വം നടത്തുകയില്ല എന്ന് നിന്റെ വചനം പറയുന്നുവല്ലോ, ഞാനത് വിശ്വസിക്കുന്നു. എന്റെ ജഡത്തിൽ ഒരു നന്മയും വസിക്കുന്നില്ല. എന്റെ സ്വന്തശക്തിയാൽ ഈ ജീവിതം അസാദ്ധ്യം. എന്നാൽ എനിക്കു വിജയം നൽകും എന്ന നിന്റെ വചനം ഞാൻ വിശ്വസിക്കുന്നു. ആ വിജയകരമായ ജീവിതമാണ് എന്റെ ലക്ഷ്യം. അതു ഇന്നുവരെ എനിക്കു സാധിച്ചിട്ടില്ലെങ്കിലും സാധിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. കാരണം അവിടുത്തെ വചനം അങ്ങനെ പറയുന്നു. അവിടുത്തെ വചനത്തിൽ പറഞ്ഞ കാര്യം നിവർത്തിക്കും എന്ന പ്രത്യാശയോടെ ഞാൻ ഇരിക്കുന്നു' എന്ന് പ്രാർത്ഥിക്കുകയും അവന്റെ ബലമുള്ള കൈക്കീഴിൽ താണിരിക്കുകയും ചെയ്യുമ്പോൾ അവൻ ആവശ്യമുള്ള കൃപ നൽകും. വിജയം കർത്താവിനാൽ ലഭിച്ചു എന്നു പറയാൻ ഇടയാകും.

# എവിടെയാണ് ആയിരിക്കേണ്ടത്?




ആറടി നാലിഞ്ച് ഉയരം. നൂറ്റിമുപ്പതു കിലോഗ്രാം തൂക്കം. ജി.കെ. ചെസ്റ്റർട്ടൺ (1874–1936) എന്ന ബ്രിട്ടീഷുകാരൻ അക്ഷരാർത്ഥത്തിൽ ഒരു അതികായകനായിരുന്നു. എന്നാൽ, ശാരീരികമായി മാത്രമായിരുന്നില്ല അദ്ദേഹം ഭീമനായിരുന്നത്. ബൗദ്ധികതലത്തിലും ആധ്യാത്മികതലത്തിലുമൊക്കെ അദ്ദേഹം ഒരു അതികായൻ തന്നെയായിരുന്നു.

എല്ലാ രീതിയിലും അദ്ദേഹം ഒരു അതികായനായിരുന്നെങ്കിലും മറവി അദ്ദേഹത്തിന്റെ കൂടപ്പിറപ്പായിരുന്നു. ഒരു ദിവസം യാത്രയ്ക്കിടയിൽ അദ്ദേഹം ഹാർബറോ എന്ന സ്ഥലത്തെത്തി. പക്ഷേ, എന്തിനാണു താൻ അവിടെ എത്തിയതെന്ന് അദ്ദേഹത്തിന് ഓർമ വന്നില്ല. അദ്ദേഹം തന്റെ ഭാര്യ ഫ്രാൻസെസിന് ഒരു ടെലിഗ്രാം അയച്ചു. അതിലെ സന്ദേശം ഇപ്രകാരമായിരുന്നു: "എന്റെ പൊന്നേ, ഞാനിപ്പോൾ ഹാർബറോയിലാണ്. ഞാൻ ഇപ്പോൾ എവിടെയാണ് ആയിരിക്കേണ്ടതെന്ന് എന്നെ അറിയിക്കുമോ?" ഉടനേ അദ്ദേഹത്തിന്റെ ഭാര്യ ഇപ്രകാരം മറുപടി ടെലിഗ്രാം അയച്ചു : "അങ്ങ് ഇപ്പോൾ ആയിരിക്കേണ്ടത് സ്വന്തം ഭവനത്തിലാണ്."

സ്വന്തം ഭവനത്തിലായിരിക്കേണ്ട സമയത്താണ് ചെസ്റ്റർട്ടൺ എങ്ങനെയോ ഹാർബറോയിലെത്തിയത്. പക്ഷേ, അതു മനസറിഞ്ഞുകൊണ്ടു സംഭവിച്ചതായിരുന്നില്ല. മറവി തന്നെയായിരുന്നു അതിനു കാരണം. നമ്മിൽ പലരുടെയും കാര്യം പറഞ്ഞാൽ നാം പലപ്പോഴും ആയിരിക്കുന്നത് ആയിരിക്കേണ്ടിടത്തല്ല എന്നതല്ലേ വാസ്തവം? അങ്ങനെ സംഭവിക്കുന്നതു മറവികൊണ്ടല്ല, പ്രത്യുത മനസറിഞ്ഞുകൊണ്ടുതന്നെയാണെന്നു മല്ലേ വസ്തുത? സ്വന്തം ഭവനത്തിലായിരിക്കേണ്ട സമയത്തു പൊതുസ്ഥലത്ത് അലഞ്ഞുനടന്നാൽ അതെങ്ങനെ നീതീകരിക്കനാവും? വീട്ടിൽ കുടുംബാംഗങ്ങളോടൊത്തു കഴിയേണ്ടവർ മദ്യശാലയിലിരുന്നു ജീവിതം നശിപ്പിച്ചാലോ?

നാം ഓരോരുത്തരും ഓരോ സമയത്തും ആയിരിക്കേണ്ട സ്ഥലങ്ങളുണ്ട്. അതുപോലെ, ഓരോ സമയത്തും ചെയ്യേണ്ട ജോലികളും മറ്റു കാര്യങ്ങളുമുണ്ട്. നാം ഓരോ സമയത്തും ആയിരിക്കേണ്ടിടത്ത് ആയിരിക്കണം. അവിടെ ചെയ്യേണ്ട ജോലിയും മറ്റു കാര്യങ്ങളും ആത്മാർത്ഥതയോടെ ചെയ്യണം.

ആത്മീയഗോളത്തിൽ ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങളുടെയും അധാർമ്മികതയുടെയും അടിസ്ഥാന കാരണം നാം ആയിരിക്കേണ്ടിടത്ത് ആയിരിക്കാതിരിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കുകയും ചെയ്യരുതാത്ത കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നുവെന്നതല്ലേ?

ചെസ്റ്റർട്ടന്റെ ഭാര്യ അദ്ദേഹത്തോടു പറഞ്ഞത് എത്ര അർഥവത്തായിരുന്നു! അദ്ദേഹം ആയിരിക്കേണ്ടത് സ്വന്തം ഭവനത്തിലായിരുന്നു. അക്കാര്യമാണ് അദ്ദേഹത്തിന്റെ ഭാര്യ സ്നേഹപൂർവം ഓർമിപ്പിച്ചത്. ദൈവസന്നിധിയിൽ ദൈവവഴിയിലായിരിക്കേണ്ടവർ അതിൽ നിന്ന് വ്യതിചലിച്ചാൽ വഴിതെറ്റി ജീവിതം അപകടത്തിൽച്ചെന്ന വസാനിക്കും എന്നത് ഉറപ്പാണ്.

നാമും ആയിരിക്കേണ്ട സ്ഥലത്ത് ആയിരിക്കേണ്ട സമയത്ത് ആയിരിക്കുന്നില്ലെങ്കിൽ അക്കാര്യത്തെക്കുറിച്ചു പരസ്പരം ഓർമിപ്പിക്കുന്നതിൽ വിമുഖരാകേണ്ട. കാരണം, ചിലപ്പോഴെങ്കിലും ശ്രദ്ധക്കുറവു മൂലമായിരിക്കാം ഇക്കാര്യത്തിൽ വീഴ്ച വരുന്നത്. അതുകൊണ്ടുതന്നെ സ്നേഹപൂർണമായ ഒരു ഓർമപ്പെടുത്തൽ വഴി കാര്യങ്ങൾ പരിഹരിക്കാവുന്നതേയുള്ളൂ. പക്ഷേ, അങ്ങനെ ചെയ്യുന്നതിനുമുമ്പായി നാം ആയിരിക്കേണ്ട സ്ഥലത്ത് ആയിരിക്കേണ്ട സമയത്ത് ആയിരിക്കുന്നുവെന്നും നാം ചെയ്യേണ്ട കാര്യങ്ങൾ ശരിയായി ചെയ്യുന്നുവെന്നും ഉറപ്പുവരുത്തണം. **ജെ.പി.ദീപിക**

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽപരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# പാപം ചെയ്യാനുള്ള ലൈസൻസ്

**ജോർജ് ചെറിയാൻ**

**പി**ന്മാറ്റത്തിലേക്ക് പോകുന്ന ഒരു വിശ്വാസി ഓർത്തിരിക്കേണ്ട സുപ്രധാനമായ ഒരു വിഷയം ഉണ്ട്. അവൻ ദൈവത്തിൽനിന്ന് എന്തുമാത്രം അകലെപ്പോകുന്നുവോ, തിരിച്ചു വരുവാൻ അത്രത്തോളം പ്രയാസമായിരിക്കും എന്നുള്ളതാണ്. തെറ്റിപ്പോയാലും സാരമില്ല, വേണ്ടപ്പോൾ തിരിച്ചുവരാമല്ലോ എന്ന ചിന്താഗതി വളരെ പിശകാണ്. വെളിച്ചം ലഭിച്ചശേഷം ദൈവവഴികളെ വിട്ടകന്ന് പിന്നെ തിരിച്ചുവരാമെന്നു കരുതി പോകുന്ന ഒരുവന്, ആഗ്രഹിക്കുമ്പോൾ തിരിച്ചുവരാൻ വളരെ ബുദ്ധിമുട്ടാണ്. ചിലപ്പോൾ തിരിച്ചു ദൈവവഴികളിൽ വരണമെന്നാഗ്രഹിച്ചിട്ടും അതിനു കഴിയാത്ത അവസ്ഥയിൽ ആയ ചിലരെ കാണാൻ ഇടയായിട്ടുണ്ട്. മടങ്ങിവന്നാൽ ദൈവം പാപം ക്ഷമിക്കുകയില്ല എന്നല്ല, മടങ്ങിവരാൻതന്നെ വളരെ വില ചിലപ്പോൾ കൊടുക്കേണ്ടിവരും. അതു ചിലപ്പോൾ വളരെ വേദനാജനകവും ആയിരിക്കും. ദൈവവഴികളിലേക്ക് തിരിച്ചുവരുവാൻ വളരെ ശ്രമിച്ചിട്ടും കാര്യങ്ങൾ ശരിയാകാതെ കുഴങ്ങുന്ന എത്രയോ പേരുണ്ട്. പാപത്തിന്റെ വഴികളിൽ മുഴുകിപ്പോയതുകൊണ്ട് അതിൽ നിന്ന് തല വലിച്ചൂരി രക്ഷപെടാൻ അവർ നന്നേ പാടുപെടുകയാണ്. എന്നാൽ ഈ ഗൗരവമൊന്നും ഗ്രഹിക്കാതെയാണ് പലപ്പോഴും വളരെ ലാഘവത്തോടെ പിന്മാറ്റത്തിലേക്ക് പോകുന്നത്. അതിനാൽ, വേണ്ടിയപ്പോൾ തിരിച്ചുവരാമല്ലോ എന്നു കരുതി ദൈവവഴികളെ വിട്ടുമാറുന്നത് തങ്ങളുടെ ജീവിതത്തിന്റെ നല്ലൊരു ഭാഗം പാഴാക്കാൻ വഴിയൊരുക്കുകയാണെന്ന് ഓർക്കണം.

പ്രായോഗികമായി എന്തുമാത്രം തെറ്റിലേക്ക് ഇറങ്ങി എന്നതനുസരിച്ചാണ് മടങ്ങിവരവ് എളുപ്പമോ പ്രയാസമോ ആയിരിക്കുന്നത്. യേശുവിന്റെ ബാല്യത്തിൽ യെരുശലേം ദേവാലയത്തിൽ അവൻ മാതാപിതാക്കളോടൊപ്പം പോയ ഒരു സംഭവം ലൂക്കോസ് 2-ൽ വായിക്കുന്നുണ്ട്. ദേവാലയത്തിൽ നിന്നും മടങ്ങിപ്പോരുമ്പോൾ ബാലനായ യേശു യെരുശലേമിൽ താമസിച്ചു. അമ്മയപ്പന്മാരോ അതറിഞ്ഞില്ല. സഹയാത്രക്കാരുടെ കൂട്ടത്തിൽ യേശുവും ഉണ്ടായിരിക്കും എന്ന് ഊഹിച്ച് അവർ ഒരു ദിവസത്തെ വഴിപോന്നു. പിന്നെ അവനെ ബന്ധുക്കളുടെയും പരിചയക്കാരുടെയും ഇടയിൽ തിരഞ്ഞു. കാണാഞ്ഞിട്ട് അവനെ അന്വേഷിച്ച് യെരുശലേമിലേക്ക് മടങ്ങിപ്പോയി. മൂന്നുനാൾ കഴിഞ്ഞശേഷം അവൻ ദേവാലയത്തിൽ ഇരിക്കുന്നതുകണ്ടു എന്നും അവനെ കൂട്ടിക്കൊണ്ടുപോയി എന്നും നാം വായിക്കുന്നു. ഇവിടെ ഒരു ദിവസത്തെ വഴി പോന്നുകഴിഞ്ഞാണ് യേശുവിനെ മാതാപിതാക്കൾ തിരഞ്ഞത്. നേരത്തെ അവൻ കൂടെ ഉണ്ടായിരിക്കും എന്ന് ഊഹിക്കുകയാണു ചെയ്തത്. അവർ എത്രദൂരം യെരുശലേമിൽ നിന്ന് പോന്നിരുന്നോ അത്രദൂരം മടങ്ങിച്ചെന്നപ്പോൾ യേശുവിനെ തിരിച്ചു കിട്ടി. ഇവിടെ അവർ ഒരു ദിവസം വഴിപോന്നിരുന്നതിനാൽ അത്ര ദൂരം മടങ്ങിപ്പോകേണ്ടിവന്നു. അവർ അരദിവസം വഴി പോന്ന ശേഷമാണ് യേശു കൂടെ ഇല്ല എന്നു മനസ്സിലാക്കിയിരുന്നതെങ്കിൽ അരദിവസം വഴി മടങ്ങിപ്പോയാൽ മതിയായിരുന്നു. ദേവാലയത്തിൽ നിന്നും ഇറങ്ങിയ ഉടനെ അവർ യേശു കൂടെ ഉണ്ടോ എന്ന് അന്വേഷിച്ചിരുന്നെങ്കിൽ അപ്പോൾതന്നെ യേശുവിനെ കിട്ടിയേനെ. വളരെ യാത്രയും ക്ലേശവും ഒഴിവാക്കുകയും ചെയ്യാമായിരുന്നു. ഈ പ്രമാണം നമ്മുടെ ജീവിതത്തിലും സൂക്ഷിക്കേണ്ടതാണ്. കർത്താവ് കൂടെ ഉണ്ടെന്ന് വെറുതെ ഊഹിക്കാതെ ഉറപ്പുവരുത്തി വേണം നമ്മുടെ ജീവിതയാത്ര തുടരുവാൻ. അവൻ കൂടെയില്ല എന്ന് എത്രനേരത്തെ മനസ്സിലാക്കി അവങ്കലേക്ക് മടങ്ങിചെല്ലുന്നുവോ അത്രയും എളുപ്പമാണ് കാര്യങ്ങൾ. വളരെ ദിവസം വഴിപോന്നിരുന്നാലും മടങ്ങിച്ചെല്ലുമ്പോൾ യേശുവിനെ കിട്ടുമായിരുന്നു എന്നത് വാസ്തവമാണ്. എന്നാൽ ആ ദൂരത്തിനുതക്ക ബുദ്ധിമുട്ടും ക്ലേശവും അധികമായി അവർ അനുഭവിക്കേണ്ടതായി വന്നേനെ. അതിനാൽ എപ്പോൾ വേണമെങ്കിലും മടങ്ങിവരാം എന്നു വച്ച് യേശുവിൽ നിന്നകലുന്നത് വലിയ ബുദ്ധികേടാണ്. തന്മൂലം വലിയ ബുദ്ധിമുട്ടുകൾ വരുത്തിവയ്ക്കുകയാണ്. ദൈവവഴികളെ വിട്ടുപോകുന്നതുകൊണ്ടുള്ള ദോഷമെന്താണെന്നു പഠിക്കുവാൻ ഇവർ വളരെ വിഷമത്തിലും കഷ്ടതയിലും ആകേണ്ടത് ആവശ്യമായി ദൈവം കാണുന്നുണ്ടായിരിക്കാം. ഏതായാലും എത്രയും നേരത്തെ പാപവഴികളിൽ നിന്നും ദൈവഹിതത്തിലേക്ക് മടങ്ങാമോ അത്രയും നല്ലതാണ്.

നമ്മുടെ രക്ഷ നഷ്ടപ്പെടുകയില്ല എന്നുകണ്ട് പാപം ചെയ്താലും ഏറ്റുപറഞ്ഞാൽ ദൈവം ക്ഷമിക്കുമല്ലോ എന്നുള്ള ചില വിശ്വാസികളുടെ പൊതുവേയുള്ള ചിന്താഗതിയെ സംബന്ധിച്ച് ഈ സന്ദർഭത്തിൽ ചില കാര്യങ്ങൾ പറയേണ്ടിയിരിക്കുന്നു. പാപം ഏറ്റുപറഞ്ഞാൽ ദൈവം ക്ഷമിക്കുമെന്നത്, പാപം ചെയ്യാൻ പ്രേരണ നൽകുന്ന ഒരു ഘടകമായിരിക്കരുത്. 1 യോഹ. 2:1-ൽ പാപം ചെയ്യരുതെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അഥവാ പാപം ചെയ്തുപോയാൽ പരിഹാരമുണ്ട് എന്നാണ് പറഞ്ഞിരിക്കുന്നത്. പാപം ചെയ്യുവാൻ ഉള്ള ലൈസൻസ് അല്ല അത്. ഏതെങ്കിലും ഒരു വിശ്വാസി കർത്താവ് ക്ഷമിക്കുമല്ലോ എന്നു വിചാരിച്ച് പാപം ചെയ്താൽ അവന് കാര്യമായ ആത്മീയ തകരാറ് ഉണ്ടെന്നാണ് അർത്ഥം.



നാം ആരെങ്കിലും വഴിയെ നടന്നു പോകുമ്പോൾ അബദ്ധവശാൽ കാൽ തെറ്റി ഒരു ചെളിക്കുണ്ടിൽ വീഴുന്നു എന്ന് കരുതുക. നാം എന്തു ചെയ്യും? വീട്ടിൽപോയി നല്ല വെള്ളംകൊണ്ട് ദേഹമെല്ലാം കഴുകി പൗഡറും സുഗന്ധവസ്തുക്കളും കൊണ്ട് നമ്മെത്തന്നെ വെടിപ്പാക്കും എന്നാൽ അടുത്ത ദിവസം നാം വീണ്ടും ആ വഴിയിൽ കൂടി നടന്നുപോകുമ്പോൾ, വീട്ടിൽ കഴുകുവാൻ വെള്ളവും സോപ്പും ഒക്കെ ഉണ്ടല്ലോ എന്നു വിചാരിച്ച് അറിഞ്ഞുകൊണ്ട് ചെളിയിൽ ചാടുമോ? ഒരിക്കലുമില്ല. അങ്ങനെ ചാടിയാൽ ബുദ്ധിക്ക് എന്തെങ്കിലും കുഴപ്പമുണ്ടെന്ന് പറയേണ്ടിവരും. വീണുപോയാൽ പരിഹാരമുണ്ടെന്നുള്ളതു ശരിയാണ്. എന്നാൽ വീഴുവാൻ പാടില്ല എന്നുള്ളത് ദൈവവചനപ്രമാണം.

നാം ഓരോ തവണ പാപം ചെയ്യുമ്പോഴും നമ്മുടെ ആത്മീയജീവിതത്തെ നാം ബലഹീനമാക്കുകയും കൂടുതൽ ദോഷങ്ങൾക്ക് നമ്മെത്തന്നെ ഏല്പിക്കുകയുമാണെന്ന് ഓർക്കണം. കൂടാതെ പാപത്തിന്റെ സ്വഭാവം അനുസരിച്ചുള്ള അനന്തരഫലം നാം ക്ഷണിച്ചുവരുത്തുകയാണ്. ജീവിതത്തിലെ താൽക്കാലിക പരാജയങ്ങൾ നമ്മുടെ നിത്യരക്ഷയെ ബാധിക്കുന്നില്ലെങ്കിലും നമ്മുടെ മാനത്തേയും പ്രതിഫലത്തേയും ബാധിക്കുന്നതാണ്. പാപത്തിന്റെ ഭോഗം അനുഭവിക്കുന്നവൻ അതിന്റെ ശാപവും അനുഭവിച്ചേ തീരൂ എന്നത് വിശ്വാസി പ്രത്യേകമായി ഓർത്തിരിക്കേണ്ടതാണ്. ഭോഗം മാത്രം അനുഭവിച്ച് രക്ഷപെടാം എന്നു നാം കരുതരുത്. ദൈവത്തെ പരിഹസിച്ചുകൂടാ, മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും (ഗലാ. 6:7).

എന്നാൽ ഇതിന്റെ ഒന്നും ആവശ്യം നമുക്കില്ല. പാപം ചെയ്യാതെ വിജയകരമായി ജീവിക്കുവാൻ ആവശ്യമായതെല്ലാം ദൈവം നമുക്കായി കരുതിയിരിക്കെ, ആവശ്യപ്പെടുന്നവർക്കെല്ലാം അതിനുള്ള കൃപ ലഭിക്കും എന്നിരിക്കെ നാം എന്തിന് പരാജയപ്പെടണം?

# ദൈവത്തിന്റെ ശിക്ഷണം

**ഡോ. സതീഷ് മേനോൻ**

**ദൈ**വത്തിന്റെ ശിക്ഷണം നമ്മുടെ തിരുത്തലിനും, ദിശാബോധത്തിനും അഭിവൃദ്ധിക്കുംവേണ്ടിയുള്ളതാണ്. നമ്മുടെ പ്രകൃതത്തെ തിരുത്തുവാനും തികവുള്ളതാക്കുവാനും അവൻ ആഗ്രഹിക്കുന്നു. ഈ ലോകത്തിൽ വിശുദ്ധിയോടെ നടക്കുവാൻ അവൻ നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. ദാവീദ് ഇപ്രകാരം പറഞ്ഞു: “ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സുസ്ഥിരമാക്കുന്നു” (സങ്കീ. 37:23). നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ നന്മ നിറയുവാൻ തക്കവണ്ണം അവൻ നമ്മുടെ കാലടികൾക്ക് ഗതി നിർണയിക്കുന്നു. ദൈവത്തോടൊപ്പം നാം എടുക്കുന്ന ഓരോ ചുവടുകളും, നമ്മെ കൂടുതലായി യേശുവിനെപോലെ ആക്കുന്നതിനാണ്. നഷ്ടപ്പെട്ട ആടിന് അവന്റെ ദാക്ഷിണ്യം ഇന്നും ഉണ്ട്.

ദൈവത്തിന്റെ ശിക്ഷണം, നമ്മുടെ ഹിതത്തിനു വിരുദ്ധമായി നാം ജീവിക്കുമാറ് നമ്മുടെ മേൽ സമ്മർദ്ദം ചെലുത്തുകയില്ല. അവൻ ഒരിക്കലും തന്റെ വഴികൾ നമ്മുടെ ജീവിതത്തിൽ അടിച്ചേൽപ്പിക്കുകയില്ല. നമ്മുടെ സ്വന്തവഴികളുടെ ഫലങ്ങൾ നാം അനുഭവിക്കുവാൻ അനുവദിച്ചുകൊണ്ടാണ് ദൈവം തന്റെ മിക്ക ശിക്ഷകളും നടപ്പാക്കുന്നത്. ഒടുവിലായി നാം തന്നിഷ്ടപ്രകാരം ജീവിച്ചതിന്റെ വ്യർത്ഥത നാം കാണുകയും, അനുഭവിക്കുകയും ചെയ്യും. അപ്പോൾ നാം സന്തോഷത്തോടെ ദൈവഹിതം തേടും. നാം നമ്മെത്തന്നെ യേശുവിനു സമർപ്പിച്ചു കൊടുക്കുമ്പോൾ, തന്റെ മഹത്വത്തിനും നമ്മുടെ നന്മയ്ക്കുമായി നമ്മുടെ ജീവിതത്തെ തിരുത്തുവാനും, മാർഗദർശനം നൽകുവാനും ഉള്ള അവകാശം നാം അവന് നൽകുന്നു. താൻ ചെയ്യുന്നതിലൊക്കെയും സ്നേഹവും, വിവേകവും, വിശ്വസ്തതയും ഉള്ളവനാണവൻ. ആയതുകൊണ്ട് ദൈവത്തിന്റെ ശിക്ഷണത്തെ സ്വാഗതം ചെയ്യുകയും പ്രാപിക്കുകയും ചെയ്യാം. എന്തുകൊണ്ടെന്നാൽ കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു.



# വേദാഭിമാനിയുടെ മറുപടി

***സുവിശേഷവേല ഒരു ജോലിയാണെന്നും അത് പ്രതിഫലത്തിനുവേണ്ടിയാണെന്നും ചില മാധ്യമങ്ങൾ. അതിനെതിരായി സംസാരിക്കുന്ന താങ്കൾ പറയുന്നു, സുവിശേഷവേല ജീവിതവും സേവനവുമാണെന്ന്. താങ്കളുടെ നിലപാടിനെ പല പ്രമുഖ പ്രസംഗകരും വിമർശിക്കുന്നുണ്ട്. മാധ്യമങ്ങളുടെ കാഴ്ചപ്പാടാണോ താങ്കളുടെ നിലപാടാണോ ഏതാണ് ശരിയെന്നറിയുവാൻ താൽപര്യമുണ്ട്.*** **– സാബു സാമുവേൽ, പെനിയേൽ, തെള്ളകം, കോട്ടയം**

സമനിലതെറ്റിയ ഒരുവനെ സൈക്യാർട്ടിസ്റ്റിന്റെ മുന്നിൽ കൊണ്ടുവന്നു. എന്തിലും അശ്ലീലം കാണുന്നു എന്നതാണ് അയാളുടെ പ്രശ്നം. എവിടെ നോക്കിയാലും അയാൾ കാണുന്നത് ആവശ്യമില്ലാത്തത്. ഡോക്ടർ വെള്ളകടലാസിൽ ഒരു വര വരച്ചു. അത് അയാളെ കാട്ടിയിട്ട് ചോദിച്ചു, ഇതെന്താണ്? അയാൾ പറഞ്ഞു: 'ഒരാൾ നഗ്നനായി നിൽക്കുന്നു.' ഡോക്ടർ കടലാസിൽ ഒരു വര വളച്ചു വരച്ച് കാണിച്ചിട്ട് ചോദിച്ചു. ഇതെന്താണ്? അയാൾ പറഞ്ഞു: 'ഒരാൾ നഗ്നനായി കുനിഞ്ഞുനിൽക്കുന്നു.' എന്നിട്ട് അയാൾ ഡോക്ടറോട് ചോദിച്ചു: 'എന്തിനാണ് ഈ വൃത്തികെട്ട പടങ്ങളൊക്കെ എന്നെ വരച്ചുകാണിക്കുന്നത്.' ഇത് ഒരു തമാശയായി തോന്നാം. എന്നാൽ ഇതിൽ ഒരു സത്യം ഒളിഞ്ഞിരിപ്പുണ്ട്. ഒരാളുടെ ഉള്ളിൽ നിറഞ്ഞുനിൽക്കുന്നതെന്തോ അതാണ അയാൾ കാണുക. എന്നെ വിമർശിച്ച മാധ്യമങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്നവരുടെ ഉള്ളിൽ എന്തോ പന്തികേടുണ്ട്. കണ്ണുപൊത്തി മറയ്ക്കേണ്ട തിന്മകൾ തങ്ങളുടെ ഉള്ളിലാണ് ഇരിക്കുന്നതെന്നറിയാതെയാണ് വിമർശിക്കുന്നത്. അകകണ്ണ് വെളിച്ചമുള്ളതായിരിക്കുകയും നില്പും നോട്ടവും വചനത്തിന്റെ അതിരിൽ നിന്നുകൊണ്ടാവുകയും ചെയ്തിരുന്നെങ്കിൽ മാധ്യമങ്ങൾക്ക് വിഴിതെറ്റില്ലായിരുന്നു. ഭൗതികതയിൽ ഊന്നിനിന്നുകൊണ്ട് ആത്മീയത വിശദീകരിക്കുന്നിടത്താണ് മാധ്യമങ്ങൾക്ക് പിഴവ് സംഭവിച്ചത്. എന്നെക്കുറിച്ച് ആരെങ്കിലും എന്തെങ്കിലും മനസിലാക്കിയിട്ടല്ല വിമർശിക്കുന്നത്. സത്യം പറയുന്നവനെ കല്ലെറിയുന്നത് മാധ്യമങ്ങളുടെ ഒരു ശീലമായിപ്പോയി.

പണവും ആരോഗ്യവും നഷ്ടപ്പെട്ട മനുഷ്യന് പഴത്തൊലിയുടെ വിലയെയുള്ളൂ. പഴത്തൊലി ചീഞ്ഞതാണെങ്കിലോ, തൊടാൻ പോലും അറയ്ക്കും. ഈ അവസ്ഥയിൽ ആളുകൾ എന്നെകണ്ട് അറപ്പോടെ വെറുപ്പോടെ മാറിപ്പോകുന്നത് ഞാൻ കണ്ടിട്ടുണ്ട്. നിന്ദ്യമായ ഈ നിലയിൽ നിന്ന് എന്നെ വീണ്ടെടുത്ത് രക്ഷിച്ച്, സ്നേഹിച്ച്, പരിപാലിച്ച് ഈ നിമിഷംവരെ വഴിനടത്തിയത് എന്റെ യേശുവാണ്. യേശു രക്ഷകനാണ് വീണ്ടെടുപ്പുകാരനാണ് എന്നത് പലർക്കും അനുഭവമല്ല. പക്ഷെ എനിക്കത് തൊട്ടറിഞ്ഞ സത്യമാണ്. ആത്മീയമായും ഭൗതികമായും എനിക്കുനേരെ രക്ഷയുടെ കരം നീട്ടിയത് യേശുമാത്രമാണ്. ജീവിതത്തിൽ എനിക്ക് എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അത് യേശുവിൽകൂടി ലഭിച്ചത് മാത്രമേയുള്ളു. എന്റെ ഉള്ളിൽ ഞാൻ യേശുവിന് മാത്രമാണ് സ്ഥാനം നൽകിയിരിക്കുന്നത്. എനിക്കു ലഭിക്കുന്ന ഭൗതിക നന്മകളെല്ലാം യേശുവിനായി നൽകിയാണ് എന്റെ സ്നേഹം, നന്ദി പ്രകടിപ്പിക്കുന്നത്. നാശകരമായ കുഴിയിലും കുഴഞ്ഞചേറ്റിലും കിടന്നവനാണ് ഞാൻ.

15 വർഷം ഇരുട്ടുമുറിയിൽ നഗ്നനായി ചുരുണ്ടുകൂടി കിടന്ന എന്നെ രക്ഷിച്ച യേശുവിലും വലുതായി ഞാൻ ഒന്നിനെയും കാണുന്നില്ല.

ദൈവവചനം എത്ര ഇമ്പകരമെന്നു പറയുന്നവനും വചനം കുറെ വായിക്കുകയും ധ്യാനിക്കുകയും ചെയ്തുകഴിയുമ്പോൾ മടുക്കും. മതിയെന്ന് ഉള്ളംകൊണ്ടെങ്കിലും പറയും. എന്നാൽ പണം എത്ര കിട്ടിയാലും മതിയെന്നൊരു വാക്ക് മനുഷ്യൻ പറയില്ല. അതാണ് പണത്തിന് മനുഷ്യന്റെ മേലുള്ള സ്വാധീനം. ഈ പണമാണ് ആത്മീയത്തെ കെടുത്തികളഞ്ഞത്. എന്നാൽ നല്ല ഉറപ്പോടെ പറയട്ടെ 20 വർഷത്തെ എന്റെ ശുശ്രൂഷയിൽ ചിലവിടുകയും ചിലവാകുകയും ചെയ്തതല്ലാതെ ഭൗതികമായി ജീവിതത്തിൽ ഒന്നും നേടിയിട്ടില്ല. വീടോ വസ്തുവകകളോ ഒന്നും ഈ ഭൂമിയിൽ ഞാൻ സമ്പാദിച്ചിട്ടില്ല. പ്രതിഫലത്തിനുവേണ്ടിയോ കാര്യസാധ്യത്തിനുവേണ്ടിയോ അല്ല ഞാൻ ദൈവത്തെ സ്നേഹിക്കുന്നത്, സേവിക്കുന്നത്. എന്റെ നിലനിൽപ്പിന് അടിസ്ഥാനം യേശുവാണ്. യേശുവിനോടുള്ള സ്നേഹമാണ്. ഇവിടെ വ്യക്തികൾക്കോ പ്രസ്ഥാനങ്ങൾക്കോ സ്ഥാനമില്ല. ആശയങ്ങളും ദർശനങ്ങളും കൊന്നുകുഴിച്ചുമൂടി അതിനുമുകളിൽ വീണ്ടും വീണ്ടും കെട്ടിടങ്ങൾ കെട്ടിപ്പൊക്കുന്ന അധികാരികളുടെ ആസ്ഥാനങ്ങളായ പ്രസ്ഥാനങ്ങളോട് അന്നും ഇന്നും എനിക്ക് യോജിപ്പില്ല.

പ്രകാശമാനമായ ഒരു കാഴ്ചയാണ് ചിലർക്ക് തങ്ങളുടെ ജീവിതത്തിൽ നിയോഗമായോ അനുഗ്രഹമായോ ലഭിക്കുന്നത്. ആ കാഴ്ച അവരെയും മറ്റുള്ളവരെയും ശോഭിപ്പിക്കാൻ കഴിവുള്ളതാണ്. ആ ശോഭയുടെ പിന്നാലെ വരുന്നവർ സംഗമിക്കുക വഴി പ്രസ്ഥാനമാകുന്നു. അതിന്റെ കെട്ടും മട്ടും സംഭവിക്കുന്നു. എന്നാൽ അത് വളരുന്നതും അതിന്റെ വളർച്ചയുടെ പേരിൽ ആത്മാവ് നഷ്ടമാകുന്നതുമായ കാഴ്ച എത്രയോ പ്രസ്ഥാനങ്ങളുടെ ചരിത്രം വച്ച് നമുക്ക് സ്ഥാപിക്കാൻ കഴിയുന്നു. സ്ഥാപനവസ്തക്കരണത്തിന്റെ പേരിൽ ദർശനം നഷ്ടപ്പെട്ടതിനാൽ നിരാശരായ എത്രയോ മനുഷ്യർ നമ്മുടെയിടയിൽ ഖിന്നരായി ജീവിക്കുന്നു. ദർശനം



യാഥാർത്ഥ്യമാക്കാൻ പെടാപ്പാടുപെടുന്നവരുടെ ചങ്കുതകർത്തുകൊണ്ട് ദർശനമല്ല വലുത് സ്ഥാപനമാണ് എന്നു പറഞ്ഞ് നിഷ്കരുണം അന്ത്യംവരെയും ദർശനത്തിനുവേണ്ടി വെള്ളം കോരിയവരെ കൈവെടിയുന്നത് എത്രനാളായി പല രൂപങ്ങളിൽ നമ്മുടെ സമൂഹത്തിൽ കാണുന്നു. സിമന്റുകൊട്ടാരങ്ങളിൽ വീർപ്പുമുട്ടുന്ന സത്യത്തിന്റെ സ്പന്ദനം തിരിച്ചറിയാൻ കഴിയുന്നവർ ഭാഗ്യമുള്ളവർ. സ്വന്തംവീട്ടിൽ അടപ്പുപുകയുന്നതിനെപ്പറ്റി മാത്രം ചിന്തിക്കുന്ന ഒരുത്തനും ദൈവത്തിനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ല. പ്രതിഫലം കാംഷിച്ച് അതിനായി വേല ചെയ്ത് മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടുന്ന യാചകരായ അടിമകളാകാതെ, മറ്റുള്ളവരെ ദൈവത്തിനായി നേടി അവരുടെകൂടി ഉടമകളാകാൻ കഴിയുന്ന വ്യക്തിത്വങ്ങളായി മാറാൻ കഴിയുന്നില്ലെങ്കിൽ ഒരു സുവിശേഷകന് തന്റെ ജീവിതത്തിൽ എങ്ങനെ വിജയിക്കുവാൻ കഴിയും.

കാഴ്ചയ്ക്കപ്പുറത്തുള്ള കാര്യത്തെ തിരിച്ചറിയാനുള്ള ശേഷി മാധ്യമങ്ങൾക്കുണ്ടാകേണ്ടിയിരിക്കുന്നു. ആത്മീയം പറഞ്ഞ് ഭൗതീകം നേടാനുള്ള വെമ്പലിൽ തങ്ങൾ ആരെയാണ് അനുഗമിക്കുന്നതെന്നുപോലും അവർ വിസ്മരിക്കുന്നു.

ഒരു പ്രഭുവിന് തലയെടുപ്പുള്ള ഒരു കുതിരയുണ്ടായിരുന്നു. കുതിര ഒരു ദിവസം മുടന്തി നടക്കുവാൻ തുടങ്ങി. പ്രഭു മൃഗഡോക്ടറെ വിളിച്ചുവരുത്തി പരിശോധിപ്പിച്ചു. പരിശോധനയിൽ കുതിരയ്ക്ക് യാതൊരു തകരാറും കാണാനായില്ല. ഡോക്ടർമാരെകൊണ്ട് മാറിമാറി പരിശോധിപ്പിച്ചു. അവരുടെ പരിശോധനയിലും കുതിരയ്ക്ക് കുഴപ്പമൊന്നുമില്ലായിരുന്നു. പക്ഷെ, കുതിര മുടന്തിതന്നെ നടന്നു. അപ്പോൾ ആ വഴി ഒരു സന്യാസി വന്നു. പ്രഭു കുതിരയുടെ മുടന്തിന്റെ കാര്യം സന്യാസിയോട് പറഞ്ഞു. സന്യാസി ഉടനെ കുതിരയുടെ പരിശീലകനെക്കുറിച്ച് ചോദിച്ചു. പരിശീലകനെ കുതിര അനുസരിക്കുന്നുണ്ടോ? പ്രഭു പറഞ്ഞു 'പരിശീലകനെ കുതിരയ്ക്ക് വലിയ ഇഷ്ടമാണ് അയാൾ എന്തു പറഞ്ഞാലും കുതിര അനുസരിക്കും.' ഉടനെ ചെറുപുഞ്ചിരിയോടെ സന്യാസി ചോദിച്ചു 'പരിശീലകന് മുടന്തുണ്ടോ?' ഉണ്ടെന്നായിരുന്നു പ്രഭു നൽകിയ ഉത്തരം. സന്യാസി പറഞ്ഞു 'കുതിര മുടന്തിനടക്കുന്നതിന്റെ കാരണം ഇപ്പോൾ വ്യക്തമാണ്. അത് തന്റെ പരിശീലകനെ അനുസരിക്കുകയാണ്. ഈ നാടോടിക്കഥയിൽ പറയുന്നതുപോലെ ആരെ അനുകരിക്കുന്നു, അനുസരിക്കുന്നു എന്നതിനനുസരിച്ചായിരിക്കും നമ്മുടെ ജീവിതം. മാധ്യമങ്ങൾ മാമോനെ സേവിച്ച് മുടന്തി നടന്നാൽ വായനക്കാരിൽ കുറെപേരെങ്കിലും മുടന്തിനടക്കാനിടയാകും. ഈ വിധത്തിൽ നടന്നിട്ട്, നട്ടെല്ല് നിവർത്ത് സത്യസന്ധതയോടെ ജീവിക്കുന്നവരെ ആക്ഷേപിക്കുന്നത് പരിഹാസ്യമായ പ്രവൃത്തിതന്നെയാണ്.

യേശു പറഞ്ഞു 'നിങ്ങൾ ലോകക്കാരല്ല' (യോഹ. 15:19). തീത്തോ. 2:12-ൽ പൗലോസ് ഇപ്രകാരം പറയുന്നു 'ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജിവിച്ചുപോരേണ്ടതിന് അത് നമ്മെ ശിക്ഷിച്ചുവളർത്തുന്നു. എഫേ. 2-ൽ പൗലോസ് രക്ഷിക്കപ്പെടുന്നതിനുമുമ്പുള്ള അനുഭവത്തെക്കുറിച്ച് പറയുന്നു. തുടർന്ന് 12, 13 വാക്യങ്ങളിൽ രക്ഷിക്കപ്പെട്ടതിനുശേഷമുള്ള അവസ്ഥ എന്തെന്നും വ്യക്തമാക്കുന്നു. രക്ഷിക്കപ്പെടുന്നതിനുമുമ്പ് ലോകത്തിന്റെ ഗതിക്കനുസരണമായി നടന്നു. രക്ഷിക്കപ്പെട്ടുകഴിഞ്ഞപ്പോൾ അതിനെല്ലാം മാറ്റം വന്നു എന്നാണ് കാണുന്നത്. 2 തിമൊ. 4:10-ൽ അപ്പോസ്തലൻ ഇപ്രകാരം എഴുതുന്നു. ദേമാസ് ഈ ലോകത്തെ സ്നേഹിച്ചു. എന്നെ വിട്ടുപോയി. യാക്കോബ് 4:4-ൽ ഇപ്രകാരം കാണുന്നു. ലോകസ്നേഹം ദൈവത്തോട് ശത്രുത്വം എന്നറിയുന്നില്ലയോ. ലോകത്തിന്റെ സ്നേഹിതനാകുവാൻ ആഗ്രഹിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിതീരുന്നു. 1 യോഹ. 2:15-ൽ ലോകത്തേയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹമില്ല എന്നു കാണുന്നു. ഒരുവൻ ക്രിസ്ത്യാനിയാകുമ്പോൾ അവന്റെ ജീവിതത്തിൽ വലിയമാറ്റം സംഭവിക്കുന്നു. ജഡികനായ മനുഷ്യൻ ഭൗതികവസ്തുക്കളെ നോക്കിക്കാണുന്നതുപോലെ ആത്മീയൻ ദൈവത്തേയും ദൈവപ്രവൃത്തികളേയും നോക്കികാണുന്നത് പരിതാപകരമാണ്. ദൈവിക ശുശ്രൂഷയിൽ ലൗകികമായ കാഴ്ചപ്പാടുകളും വഴികളും ആഗ്രഹങ്ങളും വിട്ടുകളയേണ്ടത് അത്യാവശ്യമാണ്. നാം ദൈവത്തിൽ നിന്നുള്ളവർ എന്ന സത്യം ഗ്രഹിക്കുമ്പോൾ തന്നെ ദൈവത്തിനായി പ്രവർത്തിച്ച് ദൈവത്തിൽ നിന്നുള്ളതാണ് നാം പ്രതീക്ഷിക്കേണ്ടത്. ദുഷ്ടന്റെ അധീനതയിൽ കിടക്കുന്ന ലോകത്തിലേക്ക് ദൃഷ്ടി പതിപ്പിക്കുന്നവൻ ഒരിക്കലും ദൈവദാസനല്ല (1 യോഹ. 5:19). ഭൗതിക നന്മകൾക്കുവേണ്ടി ദൈവത്തെ സേവിക്കുന്നവൻ ദൈവം ആരെന്ന് തിരിച്ചറിവില്ലാത്ത നികൃഷ്ടനും അധമനുമാകുന്നു. ലോകമനുഷ്യരിൽ നിന്ന് നമ്മെ ദൈവം വേർതിരിച്ച് തനിക്കുവേണ്ടി ഒരു പ്രത്യേക ജനമാക്കിത്തീർത്തിരിക്കുകയാണ്. നമ്മെ കാണുന്ന ലോകജനം നാം ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ടവരാണ് എന്ന് നമ്മുടെ സ്വഭാവവും പ്രവൃത്തിയും കൊണ്ട് മനസിലാക്കണം. ലോകം ചെയ്യുന്നതെല്ലാം ചെയ്യുകയും അതിന്റെ നിലവാരമനുസരിച്ച് ജീവിക്കുകയും ലോകജനതയുടെ മൂല്യങ്ങൾ നമ്മുടെ മൂല്യങ്ങളായിതീരുകയും ചെയ്താൽ നാം ദൈവദാസന്മാർ എന്ന് എങ്ങനെ പറയാൻ കഴിയും.?

അപ്പോസ്തലനായ പൗലോസ് തന്റെ ശുശ്രൂഷയെപ്പറ്റി പറഞ്ഞത് വളരെ താഴ്മയോടും കണ്ണുനീരോടും കഷ്ടങ്ങളോടും കൂടെ കർത്താവിനെ സേവിച്ചുവെന്നാണ്. അ.പ്ര. 20:19-24 വരെ.

➲ 8

This is
The Word
of God
I Believe It!

# VEDABHIMANI

Annual Subscription Rs. 100/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2009-11

2011
APRIL



## വിശ്വാസം ഇല്ലാത്ത ചിന്ത

പരാജിതരാണ് അധികം പേരും. അതുകൊണ്ട് എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കാൻ പ്രാപ്തനായയാൾ പറയുന്നു : രോഗികൾക്കാണ് വൈദ്യനെകൊണ്ടാവശ്യം. വൈദ്യൻ എന്ന പരിഹാരത്തിനു മുന്നിൽ നിൽക്കുന്ന രോഗിയെന്ന പ്രശ്നം പ്രതീക്ഷയുടെ കവാടമുന്നിലാണ് നിൽക്കുന്നത്. അവിടെ കണ്ടെത്തുന്ന രണ്ടു മനോഹര മാനങ്ങളുണ്ട്. ഒന്ന് വിശ്വാസം. രണ്ട് ചിന്ത. ഇവ രണ്ടും സ്വഭാവത്തിൽ സമാനതകളുണ്ടെങ്കിലും നടപടിയിലും പ്രയോഗത്തിലും വ്യത്യസ്തങ്ങളാണ്. അതിൽ ചിന്തിക്കുന്നവൻ പ്രശ്നം കാണുന്നു, വിശ്വസിക്കുന്നവനോ പരിഹാരം കാണുന്നുവെന്നതുതന്നെ. ഉദാഹരണങ്ങളിലേക്കു പോകുന്നില്ല. ഇതു വിശ്വസിക്കുന്നവൻ തിരിച്ചറിയുന്നു. ചിന്തിക്കുന്നവൻ വിയോജിക്കുന്നു.

വിശ്വസമല്ലേ എല്ലാമെന്നു പറഞ്ഞു അതിൽ ആശ്വാസം കണ്ടെത്തുന്നു പലരും. അവർ വിശ്വാസയാത്ര ചെയ്തത്. എന്തിന്റെ മാനദണ്ഡത്തിലാണ്? കടലിൽ ജലത്തിനുമുകളിൽ നിൽക്കുന്നുണ്ട് പത്രോസ്. അവിടെയങ്ങനെ നിൽക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ വിശ്വാസിക്കാൻ തനിക്കു ശക്തിപകരുന്ന തന്റെ ആശ്വാസത്തിന്റെ തുമുഖത്താണ്. അവിടെ നിന്നു കണ്ണു മാറ്റി താൻ ജലോപരിതലത്തിലാണ് എന്ന ചിന്തയിലേക്കു കടക്കുന്നതും, പത്രോസ് ജലത്തിൽ മുങ്ങാൻ തുടങ്ങുന്നു.

വിശ്വാസത്തെക്കാൾ ചിന്തയുടെ സരണികളെ ആശ്രയിച്ചാണ് എഡിസൺ ഇലക്ട്രിക് ബൾബ് കണ്ടുപിടിക്കാൻ ശ്രമിക്കുന്നത്. അതിനുവേണ്ടി ഊണും ഉറക്കവും ഉപേക്ഷിക്കുന്നുണ്ടെങ്കിലും ഉടനെയൊന്നും ബൾബ് തെളിയിക്കാൻ കഴിയാതെ നിരവധിതവണ പരാജയപ്പെടുകയാണ്. ചിന്ത പലവട്ടം പരാജയപ്പെടുത്തിയെങ്കിലും വിശ്വാസം നയിച്ച അധ്വാത്തിലൂടെ അദ്ദേഹം പ്രകാശിക്കുന്ന ബൾബ് എന്ന പരിഹാരത്തിലേക്കു നടന്നുകയറുന്നു.

വിശ്വാസം ഇല്ലാത്ത ചിന്ത അതിൽതന്നെ മൃതമാണ്. ചിന്തയിലൂടെ സഞ്ചരിക്കുമ്പോഴും അതു സംഭവിക്കുമെന്നു വിശ്വാസിക്കാൻ കഴിയാത്തയാൾക്കു എത്ര മിടുക്കനായാലും പരാജയം ഏറ്റുവാങ്ങേണ്ടിവരും. ചിന്ത വിശ്വാസത്തിലേക്കും വിശ്വാസം പ്രത്യാശയിലേക്കും നടക്കുമ്പോഴാണ് കാര്യങ്ങൾ ഫലദായകമാവുന്നത്.

അതിനു കഴിയുകയെന്നതിന് ആവശ്യമായതെന്തോ അതു സ്വരുക്കൂട്ടാൻ കഴിയട്ടെ വിവേകശാലിക്ക്.

**പ്രൊഫ. എ. എം. തോമസ്**

**അനുഭവം**

## എന്നിട്ടും ഒരാൾ മാത്രം



മെഡിക്കൽ കോളേജ് ആശുപത്രിയുടെ അത്യാഹിത വിഭാഗത്തിൽ വലിയ ജനക്കൂട്ടം. ഒരാളെ ബൈക്കാക്സിഡന്റിൽ കൊണ്ടുവന്നതാണെന്ന് ഏറെ താമസിയാതെ മനസ്സിലായി.

ആളുകൾ ആശുപത്രി ജീവനക്കാരെയും ഡോക്ടറേയും പുലഭ്യം പറയുന്നത് കേൾക്കാമായിരുന്നു. രോഗിയെ ശരിയായ വിധത്തിൽ പരിശോധിച്ചില്ലെന്നും മരുന്നുകൊടുത്തില്ലെന്നുമുള്ളതാണ് കാരണം. ഡോക്ടർമാരുടെ അവഗണനകൊണ്ട് പലർക്കുമുണ്ടായ കുഴപ്പങ്ങൾ അവിടെ അവതരിപ്പിക്കപ്പെട്ടു. അങ്ങനെയൊരു കുഴപ്പം ഇവിടെ ഉണ്ടായിക്കൂടാ. എല്ലാവരുടേയും മുഖത്ത് രോഷവും ഉത്കണ്ഠയും. രോഗിയുടെ കൂടെ വന്നവരെല്ലാം സ്നേഹിതരും ബന്ധുക്കളുമാണ്. രോഗിക്കു വിദേശത്താണത്രേ ജോലി. നല്ല പൈസയുള്ള അച്ചായനാണെന്ന് ചിലർ പറയുന്നതുകേട്ടു. ലീവിന് നാട്ടിൽ വന്നതാണ്. സ്നേഹം പ്രകടിപ്പിക്കാനുള്ള മത്സരത്തിലാണ് എല്ലാവരും.

സ്ഥലം സഭയിലെ സഹോദരന്മാർ അവനവന്റെ കഴിവും സാമർത്ഥ്യവുമനുസരിച്ച് രോഗിയോടുള്ള സ്നേഹം പ്രകടിപ്പിച്ചുകൊണ്ടിരുന്നു.ഡ്യൂട്ടി ഡോക്ടർക്ക് സഹോദരവർഗ്ഗത്തിന്റെ അമിതാവേശം കണ്ട് മനംമടുപ്പുണ്ടായി. രോഗിയെ ഒന്നു സമാധാനത്തോടെ പരിശോധിക്കുവാൻ അനുവദിക്കുന്നില്ല. എങ്കിലും രോഗിയെ ഒന്നുകൂടെ പരിശോധിച്ചിട്ട് ഡോക്ടർ പറഞ്ഞു. ഓപ്പറേഷൻ വേണ്ടിവന്നേക്കാം. വലിയൊരുതുക ചെലവാകും അതോടൊപ്പം രക്തവും ചില ശരീരാവയങ്ങളും വേണ്ടിവരും. കൂടെവന്നവർ ആരും പോകരുത്. ഓരോരുത്തരുടേയും രക്തഗ്രൂപ്പ് നിർണ്ണയിച്ച് രോഗിക്കു വേണ്ടുന്നത് കൊടുത്തിട്ടേ പോകാവൂ.

നിമിഷങ്ങൾക്കകം സഹോദരവർഗ്ഗം ഓരോരോ കാരണങ്ങൾ പറഞ്ഞു സ്ഥലംവിട്ടു. സ്നേഹിതരും ബന്ധുക്കളും കടതുറക്കാനുണ്ട്, പശുവിന് പിണ്ണാക്ക് കൊടുക്കാനുണ്ട് എന്നുപറഞ്ഞ് അവരും തടിതപ്പി.

എന്നിട്ടും ഒരാൾ മാത്രം അവിടെ അവശേഷിച്ചു. അത് രോഗിയുടെ രക്ഷകനായ യേശുവായിരുന്നു. കൈവിടാത്തവനായി കണ്ണീർവാർത്ത് ആശ്വാസത്തിന്റെ കരങ്ങൾ നീട്ടി യേശു അയാൾക്കരികിൽതന്നെ നിന്നു.

## വേദാഭിമാനിയുടെ മറുപടി

പൗലോസിന് ജീവിതം മുഴുവൻ ഒരു സേവനമായിരുന്നു. ഇതാണ് സമർപ്പണം, സ്നേഹം എന്നു പറയുന്നത്. തന്റെ സാക്ഷ്യത്തിൽ പൗലോസ് പറയുന്നത് എന്റെ ഉടയവനും ഞാൻ സേവിച്ചുവരുന്നവനുമായ ദൈവം എന്നാണ്. ഉടയവൻ യേശുവാണെന്നുള്ള ഉറപ്പ്. ജീവിതം ഉടയവനുവേണ്ടിയുള്ളതാണെന്നുള്ള ഉറപ്പ്. ഈ ഉറപ്പിൽ ദൈവത്തെ സേവിക്കാൻ ഇറങ്ങിത്തിരിക്കുന്ന ഒരുവൻ എന്താണ് ദൈവത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ഇവിടെ ദൈവത്തിന്റെ പേരിലോ ദൈവസഭയുടെ പേരിലോ പടുത്തുയർത്തിയിരിക്കുന്ന പ്രസ്ഥാനങ്ങൾക്കോ വ്യക്തികൾക്കോ യാതൊരു പ്രാധാന്യവുമില്ല. മനുഷ്യരുടെയോ പ്രസ്ഥാനങ്ങളുടെയോ ദാസന്മാരായിരിക്കുന്നവർക്ക് ദൈവത്തിന്റെ ദാസനായിരിപ്പാൻ സാധ്യമല്ല. ഓട്ടക്കളത്തിൽ ഓടുന്നവൻ കാണികളുടെ സന്തോഷത്തിന് ഓടുന്നതല്ല. ലഭിക്കുവാനുള്ള വിരുതിനായിട്ടത്രേ അവൻ ഓടുന്നത്. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ടത്രേ ഓടേണ്ടത് (എബ്രാ. 12:1, 2). ദൈവദാസന്മാർ എന്ന പദവിയിൽ നിൽക്കുന്ന ഒരുവന് കൂലിയും ഉദ്യോഗകയറ്റവും ഒന്നും ലഭിക്കുന്നില്ല. അനുദിനയാത്രയിൽ ആവശ്യമായത് ദൈവം നൽകുന്നു എന്നു മാത്രം. ഇവിടെ ലഭിക്കുന്ന ഡോളറും, രൂപയുമല്ല അവന്റെ പ്രതിഫലം. പ്രതിഫലവുമായി കർത്താവുവരുന്നു എന്നുള്ളതാണ് അവന്റെ പ്രത്യാശ. ദൈവദാസന്മാർ ദാസന്മാരായി ജീവിക്കുകയും ദാസന്മാരായിതന്നെ മരിക്കുകയും ചെയ്യുന്നു. ദൈവം നമ്മെ നല്ലവനും വിശ്വസ്തനുമായ ദാസൻ എന്നത്രേ വിളിക്കുവാൻ കാത്തിരിക്കുന്നത്. ദൈവത്തെ സേവിക്കുക എന്നത് ഒരു ജോലിയല്ല, ബദ്ധപ്പാടല്ല. തികഞ്ഞ സ്നേഹത്തിൽ സന്തോഷത്തോടെ, സമർപ്പണത്തോടെ ചെയ്യുന്ന ഒരു സേവനമാണ്. അത് ജീവിതത്തിന്റെ ഭാഗമാണ്. അല്ലെങ്കിൽ അത് ജീവിതംതന്നെയാണ്. ശ്വാസം വിടുന്നതുപോലെ അനിവാര്യമായ ഒന്ന്. ദൈവം ഏൽപ്പിച്ചത് തികയ്ക്കുകയാണ് നമ്മുടെ ഉത്തരവാദിത്വം.



## ഡയലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

നമ്മുടെ നേതാക്കന്മാർ ആത്മീയരല്ല എന്നു പറയുമ്പോൾ. അവർ ശക്തിമാന്മാരായി നിലനിൽക്കുന്നതിന്റെ രഹസ്യം പിന്നെ എന്താണ്.

*റെജി ഉമ്മൻ, കുറുമല, ചേലക്കര*

☹ **അധികലാഭം കൂടുതൽ കരുത്ത്.**

☺ താങ്കൾ പറയുന്നത് മനസിലാകുന്നില്ലെന്നും, പറയുന്നതിൽ എന്തോ പന്തികേടുണ്ടെന്നും ഒരു വേദപണ്ഡിതൻ

*സി. വി. പീറ്റർ, കടപ്ര, മാന്നാർ*

☹ **ഭൗതികം തലയ്ക്കു പിടിച്ചവന് ആത്മീയഭാഷ മനസിലാകില്ല.**

☺ ആത്മീയ നേതാക്കന്മാരെ നിലയ്ക്കു നിർത്താൻ വിശ്വാസികൾ എന്തു ചെയ്യണം.

*സാജു സക്കരിയ, മേനിലം, ചെമ്മണ്ണുവിള*

☹ **നേതാക്കന്മാരെ ആത്മീയ യജമാനന്മാരായി കാണുന്നത് നിർത്തണം.**

☺ ആത്മീയത്തിലെ വൈരുദ്ധ്യം.

*സണ്ണി ഫിലിപ്പ്, വയലത്തല, പത്തനംതിട്ട.*

☹ **ഉയരത്തിലുള്ളത് ചിന്തിയ്ക്കാൻ ആവശ്യപ്പെട്ട യേശുവിനോട്, ഭൂമിയിലുള്ളത് ചിന്തിച്ച് അതിനുവേണ്ടി അലറി കരയുന്നത്.**

☺ ഇവിടെ ദൈവം എഴുന്നെള്ളിവന്നിട്ടുണ്ട് എന്ന് സാത്താന്റെ ദാസന്മാർ പ്രസംഗിക്കുന്നതിനെക്കുറിച്ച്.


*സി. വി. ജോൺ, മരങ്ങാട്ടുപള്ളി, കോട്ടയം*

☹ **ദൈവത്തെക്കുറിച്ച് പറയാൻ സാത്താനും സ്വാതന്ത്ര്യമുണ്ട്.**

☺ സഭാനേതാവും സഭാശുശ്രൂഷകനും തമ്മിലുള്ള വ്യത്യാസം. ഇവരെ എങ്ങനെ തിരിച്ചറിയാനാകും.

*എലിസബത്ത്, മണ്ണുത്തി, തൃശൂർ*

☹ **ചിത്രം കണ്ട് തിരിച്ചറിയുക**






Printed, Published and owned by Titus Kply, Punnoothara, Kerala 690 516. Layout: Logi : 9495507765, Printed at St. Paul's Offset Mavelikara.
Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally